KOTTAYAM PUBLIC LIBRARY

RM 200

Call No. HEL-K Acc. No. 14053

Author ഹില്പാരിക്കോൺ, ജെ.

Title കേരളത്തിലെ
ദർശനപാരമ്പര്യം

REFERENCE

REFERENCE

KPK 140553.

# കേരളത്തിലെ കർമ്മലാരാമം.

അഥവാ

## കേരളസുറിയാനി കർമ്മലീത്താസഭയുടെ സേവനചരിത്രസംഗ്രഹം.

കേരളസുറിയാനി കർമ്മലീത്താസഭയുടെ കാനോനികസ്ഥാപനത്തിന്റെ ശദാബ്ദപൂർത്തി സ്മാരകമായി ജൂബിലിയാഘോഷകമ്മിററിയിൽനിന്ന് പ്രസിദ്ധപ്പെടുത്തുന്നത്.

രചയിതാവ്
ഫാ. ജെ. ഹില്ലാരിയോൻ, സി.ഡി., എം.എ.

(Cum Permissu Superiorum)

മാന്നാനം
1955 ഡിസംബർ 8.

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

# ഉള്ളിലേക്കു കടന്നാൽ


I ആമുഖം

II മാന്നാനം കുന്നു്

III തിരുസ്സഭയിലെ മലർവാടികൾ

IV സഭയുടെ ഭരണക്രമം

V സഭാംഗത്വം

VI കേരളത്തിലെ മരിയാരാമം

VII സഭയുടെ വിനീതസേവനങ്ങൾ

A മലങ്കരയുടെ ആദ്ധ്യാത്മിക നവോത്ഥാനം

1. ധ്യാനപ്രസംഗപ്രസ്ഥാനം
2. ഇടവകഭരണം
3. ആരാധനക്രമപരിഷ്ക്കരണം
4. സന്ന്യാസിനീസമൂഹസ്ഥാപനം
5. മതപ്രചരണപ്രസ്ഥാനം
6. മിഷ്യൻപ്രവർത്തനം

B മലങ്കരസുറിയാനിസഭോദ്ധാരണം

1. വൈദികസെമിനാരികൾ
2. റോക്കോസ്, മേലൂസ് ഛിദ്രങ്ങൾ
3. സ്വജാതിമെത്രാനുവേണ്ടിയുള്ള ശ്രമം

C വിദ്യാഭ്യാസരംഗത്തു്

D സാമൂഹ്യപ്രവർത്തനങ്ങൾ

E സാഹിത്യസേവനങ്ങൾ

VIII കൂപ്പുകൈ

IX ഉപസംഹാരം

# പ്രസ്താവന.

കേരള സൂറിയാനി കർമ്മലീത്താസഭ കാനോനികമായി സ്ഥാപിതമായിട്ട് ഒരു ശതാബ്ദം തികയുന്ന ഈ അവസരത്തിൽ സഭയെക്കുറിച്ചും അതിന്റെ വിനീത സേവനങ്ങളെക്കുറിച്ചുമുള്ള ഒരു സംക്ഷിപ്ത വിവരണം സന്ദർഭോചിതമായിരിക്കുമെന്ന് പെ. ബ. പ്രിയോർജനറാളച്ചന് തോന്നിയതിന്റെ ഫലമാണ് ഈ ലഘുഗ്രന്ഥം. സംഭവ ബഹുലവും സുദീർഘവുമായ ഒരു ചരിത്രമാണ് ഈ സന്യാസസഭയ്ക്കുള്ളത്. എന്നാൽ സുപ്രധാനങ്ങളായ എല്ലാ സംഗതികളും ഇതുപോലുള്ള ഒരു ചെറുഗ്രന്ഥത്തിന്റെ പരിമിതമായ പരിധിക്കുള്ളിൽ ഉൾക്കൊള്ളിക്കുവാൻ ഒട്ടുംതന്നെ സാദ്ധ്യമല്ലല്ലൊ. ഏതായാലും ഒരുകാര്യം അനുവാചകർക്ക് ബോദ്ധ്യമാകാതിരിക്കയില്ല. അത് ഇതിലെ ഉള്ളടക്കം യഥാർത്ഥ ചരിത്രവസ്തുതകളിൽ അധിഷ്ഠിതമാണെന്നുള്ളതുതന്നെ. ഈ ലഘുഗ്രന്ഥപാരായണം പ്രതിപാദ്യവിഷയമായ സന്യാസസഭയെക്കുറിച്ചുള്ള ജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും വിധത്തിൽ ഉതകുമെങ്കിൽ, സ്വന്തം പുണ്യപൂർണ്ണതയ്ക്കും, ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ള യുവാക്കന്മാരെ സഭയിലേക്ക് ആകർഷിക്കുവാൻ ഇത് കുറെ എങ്കിലും സഹായകമാകുമെങ്കിൽ രചയിതാവ് കൃതകൃത്യനായി.

മാന്നാനം,
24-11-1955.

Fr. J. H.

# അവതാരിക.

(ഡോക്ടർ പി. ജെ. തോമ്മസ്, M.A., D.Phil., D. Litt. (Oxon) F. R. Econ. S.)

സന്യാസജീവിതത്തേയും സന്യാസസഭയുടെ പ്രവർത്തനങ്ങളേയുംകുറിച്ചു് പ്രതിപാദിക്കുന്ന ഈ പുസ്തകത്തിന് ഒരവതാരിക എഴുതാൻ ഞാൻ തികച്ചും അപ്രാപ്തനാണെന്നു് എനിക്കറിയാം. എന്നാൽ കേരളകർമ്മെലീത്താസഭാസ്ഥാപനത്തിൻെറ ശതാബ്ദജൂബിലി ആഘോഷിക്കപ്പെടുന്ന ഈ അവസരത്തിൽ പ്രസ്തുത സഭയുടെ അംഗങ്ങൾ പ്രശസ്തമായി നടത്തിപ്പോരുന്ന ഒരു ഹൈസ്കൂളിൽ പഠിക്കുവാനും ഇവരുമായി അരശതാബ്ദത്തിലധികം അടുത്ത സമ്പർക്കത്തിൽ വർത്തിക്കുവാനും ഭാഗ്യം സിദ്ധിച്ചിട്ടുള്ള എനിക്കു്, എൻെറ ആരാദ്ധ്യപുരുഷനായ പാറേതൻ ബ. (വലിയ) ഹില്ലാരിയോസച്ചൻെറ നാമധാരിയായ ഈ ഗ്രന്ഥകാരൻെറ അഭിലാഷം നിരാകരിക്കാൻ ശക്തിയുണ്ടായില്ല.

എന്നാൽ വെറുമൊരു കടമയായി മാത്രം ഇതെഴുതുന്നതല്ല. ദീർഘകാലചരിത്രമുള്ള കേരളക്രൈസ്തവസഭയുടെ ഏററം വലിയ നേട്ടമായിട്ടാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയമായ സന്യാസസഭയെ ഞാൻ വീക്ഷിക്കുന്നതു്, കേരളനസ്രാണികൾക്കു് 1900 വർഷത്തില

ധികം പഴക്കമുള്ള ഒരു പാരമ്പര്യമുണ്ട്. തങ്ങൾ ബ്രാഹ്മണർ മുതലായ ഉൽകൃഷ്ടജാതിക്കാരുടെ സന്താനപരമ്പരയാണ്. കേരളപെരുമാക്കന്മാരിൽനിന്നുതന്നെ തങ്ങൾക്ക സ്ഥാനമാനങ്ങൾ കിട്ടിയിട്ടുണ്ട്. ഒരുകാലത്തു് വലിയ ആൾശ്ശയാധനബലമുണ്ടായിരുന്നതുകൊണ്ട് തങ്ങളെ കേരളരാജാക്കന്മാർതന്നെ ഭയപ്പെട്ടിരുന്നു. കൂനൻകുരിശിങ്കൽ ഉണ്ടായ തങ്ങളുടെ കാരണവന്മാരുടെ യുദ്ധസന്നാഹം വീരപരാക്രമികളായ പോർട്ടുഗീസുകാരെപ്പോലും വല്ലാതെ ഭയപ്പെടുത്തി. മേൽജാതി ഹിന്ദുക്കളെപ്പോലെ തങ്ങളുടെ പൂർവികന്മാരും സംസ്കൃതഭാഷപഠിച്ച് കാവ്യങ്ങൾ വായിച്ചിരുന്നു എന്നെല്ലാമുള്ള വീരവാദങ്ങൾ എൻെറ ചെറുപ്പത്തിൽ ധാരാളം കേട്ടിട്ടുണ്ട്. ഞാൻ തന്നെ ഈ പൊങ്ങച്ചങ്ങൾ വളരെ വിളമ്പിയിട്ടുണ്ട്. എന്നാൽ ഈവകയൊന്നും ഒരു ക്രിസ്തീയജനത്തിൻെറ സാരമായ നേട്ടമായി കരുതേണ്ടതില്ല. നമ്മുടെ ക്രിസ്തീയജീവിതത്തിൻെറ മാററ് എങ്ങനെയിരിക്കുന്നു എന്നുള്ളതാണ് പ്രധാനമായി നോക്കേണ്ടതു്. സർവ്വപ്രധാനമായ ഈ കാര്യത്തിൽ നമ്മുടെ നിലവാരം ഉയർത്തുന്നതിന് ഏററം അധികം സഹായിച്ചിട്ടുള്ളതു് ഈ കർമ്മലീത്താ സന്യാസസഭയാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

കർമ്മലീത്താസഭയുടെ സ്ഥാപകരായ ആ മൂന്നു ശ്രേഷ്ഠവൈദികരാണ് നമ്മുടെ ജനങ്ങളുടെ ആദ്ധ്യാത്മികമായ നവോത്ഥാനത്തിനു വഴിതെളിച്ചതു്. ഇവരിൽ പ്രത്യേകം സ്മരണാർഹമാണ് ചാവറയച്ചൻെറ നാമം. ഇദ്ദേഹവും ഇദ്ദേഹത്തിൻെറ നേതൃത്വത്തിൽ മററു സന്യാസവൈദികരുമാണ് നാടൊട്ടുക്ക് ധ്യാനപ്രസംഗങ്ങൾ

നടത്തിയും, ആരാധനമുറകൾ ശരിപ്പെടുത്തിയും, ഇടവക ഭരണം ക്രമവല്ക്കരിച്ചും, അധഃകൃതരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ചും മററും മലങ്കരസഭയുടെ മതചൈതന്യം പുനർജ്ജീവിപ്പിച്ചതു്. ഇപ്രകാരം ഈ സന്യാസസഭവഴി സംഭവിച്ച ആത്മിക ഉണർവ്വിൻെറ ഫലമായിട്ടാണ് റോക്കോസിൻെറയും മേല്യൂസിൻെറയും ഛിദ്രമങ്ങൾക്ക് അടിപ്പെട്ടു് ഐക്യത്തിൽനിന്നു വിട്ടുപോകാതിരിക്കാൻ നമുക്ക് ഇടയായിട്ടുള്ളതു്. ഈ ആദ്ധ്യാത്മികജീവൻ കേരളകത്തോലിക്കസഭയുടെ മാതൃഭവനമായ മാന്നാനത്തുനിന്നാണ് കേരളത്തിൻെറ നാനാഭാഗങ്ങളിലേക്കും പ്രസരിച്ചതു്.

ദീർഘകാലത്തേക്ക് കേരളത്തിൽ മയങ്ങികിടന്നിരുന്ന ഈ ആദ്ധ്യാത്മിക ചൈതന്യം തട്ടിയുണർത്തുവാൻ ചുരുക്കം ചില സന്യാസികൾക്ക് എങ്ങനെ സാധിച്ചു? മനഃശക്തിയും പ്രതാപവുമുള്ള പലർക്കും സാധിക്കാഞ്ഞതു് അശക്തരായ ഈ സന്യാസസഭാംഗങ്ങൾക്ക് എങ്ങനെ സാദ്ധ്യമായി? അവർ ദൈവത്തോടു് യോജിച്ചു് പ്രവർത്തിച്ചു എന്നുള്ളതാണ് അതിൻെറ മൂലകാരണം. അതുകൊണ്ടാണ് സുപ്രസിദ്ധ ആംഗ്ലേയ സാഹിത്യകാരനും സ്വതന്ത്രചിന്തകനുമായ ഡോക്ടർ ജോൺസൺ പ്രസ്താവിക്കയുണ്ടായതു് മുഴങ്കാൽ മടക്കാതെ ഒരു സന്യാസിയെക്കുറിച്ചു് ചിന്തിക്കുവാൻ തനിക്ക് സാദ്ധ്യമല്ലെന്നു്.

ഇന്നു നാം ഭാരതത്തിൽ, കേരളത്തിൽ, ഒരു പരീക്ഷണഘട്ടത്തെയാണ് അഭിമുഖീകരിക്കുന്നതു്. നമ്മുടെ ചുററും വളർന്നുകൊണ്ടിരിക്കുന്ന വിദ്ധ്വംസകപ്രസ്ഥാനങ്ങളെ സുശക്തമായി എതിരിടണമെങ്കിൽ അതിന്

ഒരു മാർഗ്ഗമേയുള്ളു. നമ്മുടെ സഹോദരരായ ഈ സന്യാസികൾ അനുഷ്ഠിക്കുന്ന അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീവ്രതങ്ങൾ എല്ലാക്രിസ്ത്യാനികളും അവരവരുടെ ജീവിതസ്ഥിതിക്കനുസരണമായി അനുഷ്ഠിക്കണം. ഇങ്ങനെ ദൈവരാജ്യം നമ്മുടെ മദ്ധ്യത്തിൽ വരണം. ഈ കാര്യത്തിൽ നമ്മുടെ കർമ്മെലസഭയുടെ പ്രചോദനം പൂർവ്വാധികം കേരളത്തിൽ ഉണ്ടാകേണ്ടതു് അത്യാവശ്യമാണു്.

പ്രസ്തുത സന്യാസസഭയുടെ ചരിത്രവും, കേരളീയരെല്ലാം കൃതജ്ഞതാപുരസ്സരം അനുസ്മരിക്കേണ്ട അതിൻെറ നിരവധി സേവനങ്ങളും ഇത്രമാത്രം സംക്ഷേപിച്ചു സാരഭാഗങ്ങൾ ഒന്നും ഉപേക്ഷിക്കാതെ ചുരുങ്ങിയ പേജുകളിൽ എഴുതികൊള്ളിച്ചിരിക്കുന്ന ഗ്രന്ഥകാരനെ എത്ര പ്രശംസിച്ചാലും മതിയാകുന്നതല്ല. ഈ വിഷയങ്ങളെക്കുറിച്ചു കൂടുതൽവിസ്തരിച്ചുള്ള ഒരു പുസ്തകം ഈ ഗ്രന്ഥകാരൻതന്നെ രചിച്ചുകാണുവാൻ ആഗ്രഹിക്കുന്നു. ഇത്ര പ്രയോജനകരമായ ഒരു കൃതി ഈ ജൂബിലി അവസരത്തിൽ വിതരണം ചെയ്യുവാൻ തീരുമാനിച്ചതു് വളരെ സമുചിതമായിട്ടുണ്ടു്. ഈ കാര്യത്തിൽ രചയിതാവും തൻെറ സന്യാസസഭാമാതാവും പ്രത്യേകം അനുമോദനാർഹരാണു്. ഈ കൃതിയുടെ ഓരോ പ്രതിയ്ക്കും എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും പ്രവേശനം ലഭിക്കട്ടെ എന്നാഗ്രഹിക്കുന്നു.

ആലുവാ,<br>4-XII-1955

P. J. Thomas



ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പ്രഥമത പത്തു പട്ടക്കാരുടെ വ്രതം സ്വീകരിക്കുന്നു.

# കര്‍മ്മലാരാമം.

സുമാർ നൂറ് സംവത്സരങ്ങൾക്ക് മുൻപാണ് ആ മഹായജ്ഞം സംഭവിച്ചത്. ആയിരത്തി എണ്ണൂററി അൻപത്തിയഞ്ച് ഡിസംബർ എട്ടാം തീയതി പാവന സ്മരണാർഹനായ പെ. ബ. ചാവറ കുര്യാക്കോസ് ഏലിയാസച്ചനും തൻെറ സഹവർത്തികളായ പത്തു സഹോദരവൈദികരും മാന്നാനം ആശ്രമദേവാലയത്തിൽ വച്ച് അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതത്രയങ്ങൾ വാഗ്ദാനം ചെയ്ത് നിയമാനുസൃതം സന്യാസികളായി തീർന്നു. അന്നാണ് കേരള സുറിയാനി കർമ്മലീത്താസഭ കാനോനികമായി സംസ്ഥാപിതമായത്. ആർഭാടരഹിതമായി അന്ന് നടന്ന മഹൽസംഭവത്തിൻെറ ശതവത്സരപൂർത്തിയാണ്, ഇന്ന് ആഘോഷിക്കപ്പെടുന്നത്. ഈ സുഭഗാവസരത്തിൽ, ഒരു നൂററാണ്ടിന് മുൻപ് മാന്നാനം കുന്നിൻപുറത്ത് മുളയെടുത്ത് വളന്ന്, ഇന്ന് വിസ്തൃതമായി പടന്ന് നാടിനും തിരുസഭയ്ക്കും സമുദായത്തിനും വേണ്ടി അവിശ്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത സന്യാസ സമൂഹത്തെക്കുറിച്ചുള്ള ഒരനുസ്മരണം ഒട്ടുംതന്നെ അസംഗതമായിരിക്കയില്ലല്ലൊ.

ഈ ശതാബ്ദ ജൂബിലി മഹാമഹാവസരത്തിൽ ഒരു പ്രശ്നം പൊന്തിവരുന്നതായി തോന്നിപ്പോകുന്നു. ചിലർ ചോദിക്കുന്നുണ്ടാവും ആരാണീനാടൻ കർമ്മലീത്തരെന്ന്, എന്താണാവോ ഈ കൊവേന്തക്കാർ ഇതി

നകം നിർവ്വഹിച്ചിട്ടുള്ളതെന്നു്. പഴമക്കാരോടും ചരിത്രപഠിതാക്കളോടും ഇതിന് ഉത്തരം നൽകേണ്ട ആവശ്യമില്ല തന്നെ. എന്നാൽ വളർന്നു വരുന്ന നമ്മുടെ ചെറു തലമുറയ്ക്കു് ഒരു മറുപടി നൽകുവാൻ കേരള കത്തോലിക്കാസഭ ബാദ്ധ്യസ്ഥയാണു്. ഈ കർത്തവ്യബോധമത്രെ ഈ ചെറുഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണത്തിന് പ്രേരകരമായിത്തീർന്നിട്ടുള്ളതു്. എന്നാൽ ഇതുപോലെയുള്ള ഒരു ലഘുഗ്രന്ഥത്തിൻെറ പരിമിതമായ പരിധിക്കുള്ളിൽ പ്രസ്തുത സഭയേയും അതിൻെറ ചെയ്തികളേയും നേട്ടങ്ങളേയും കുറിച്ചുള്ള സവിസ്തരമായ ഒരു പ്രതിപാദനം സാദ്ധ്യമല്ലെന്നുള്ള വസ്തുത ആദ്യം തന്നെ പ്രസ്താവിച്ചു കൊള്ളട്ടെ.

## മാന്നാനം കുന്നു്

ഈ ശതാബ്ദജൂബിലിയാഘോഷങ്ങളുടെ രംഗമായി പരിലസിക്കുന്ന മാന്നാനം കുന്നു്, ജലവും കരയും സംയോജിപ്പിച്ചുകൊണ്ടു്, പ്രശാന്തരമണീയമായി, സാക്ഷാൽ ശാന്തിനികേതനമായി നിലകൊള്ളുന്ന ഈ കുന്നു് കേരള സുറിയാനി കമ്മേലീത്താസഭയുടെ മാതൃഭവനാസ്ഥാനമായിതീരുവാൻ ഇടയായതിൽ മാന്നാനം നിവാസികളോടൊപ്പം ക്രൈസ്തവകേരളം മുഴുവനും അഭിമാനം കൊള്ളേണ്ടതാണു്. കാരണം ദൈവപരിപാലനയുടെ പ്രത്യേക സംവിധാനത്താൽ പ്രഥമ ഭാരതീയ സന്യാസസഭയുടെ പിള്ളത്തൊട്ടിലായിതീർന്ന ഈ കുന്നിൻ പുറമാണു് പിൽക്കാലത്തു് ചില സുറിയാനിസഭാദ്ധ്യക്ഷന്മാരുടേയും പേപ്പൽ പ്രതിനിധികളുടേയും ആദിമാസ്ഥാനവും കൂടിയാ

ലോചനസ്ഥലവും മലങ്കരയുടെ ശക്തികേന്ദ്രവുമായിത്തീരുവാൻ സംഗതിയായത്.

സഭാസ്ഥാപകരായ വന്ദ്യപിതാക്കന്മാർ പലേ സ്ഥലങ്ങളും ചുററി സഞ്ചരിച്ചു് കണ്ടശേഷം തൃപ്തരാകാതെ ഒടുവിൽ അവരുടെ ഉദ്ദേശ്യസാദ്ധ്യത്തിന് ഏററം പററിയതായി തോന്നിയ ഈ കുന്നു് തങ്ങളുടെ പ്രവർത്തന കേന്ദ്രമായി തിരിഞ്ഞെടുക്കുകയും, സന്യാസസഭയുടെ പ്രഥമ ദേവാലയവും ആശ്രമവും ഇവിടെ സ്ഥാപിക്കുകയും ചെയ്തു. ലോകബഹളങ്ങളിൽനിന്ന് അകന്നു് ജീവിക്കുവാനും പ്രകൃതിരമണീയകതയിൽനിന്നു് പ്രകൃതിനാഥനിലേക്ക് മനോഹൃദയങ്ങളെ ഉയർത്തുവാനും പററിയ ഒരന്തരീക്ഷമാണ് മാന്നാനത്തുള്ളതെന്ന് ഏവർക്കും ബോദ്ധ്യമാകാതിരിക്കയില്ല. ഈ ഗിരിമുകളിൽ ഒരു മരക്കുരിശും പരമ്പുകൊണ്ടുള്ള ഒരു പ്രാർത്ഥനപ്പുരയും സ്ഥാപിച്ചുകൊണ്ടു് പിതാക്കന്മാർ അന്നു് കേരളത്തിൽ അത്ര പ്രസിദ്ധമല്ലാതിരുന്ന സന്യാസപ്രസ്ഥാനത്തിന് അടിസ്ഥാനമിട്ടു

## തിരുസഭയിലെ മലർവാടികൾ.

കത്തോലിക്കാതിരുസഭയിലെ മലർവാടികളാണു സന്യാസസമൂഹങ്ങൾ. എന്നാൽ ഇവയെല്ലാം ഒരേ ആകൃതിയോടും നിറപ്പകിട്ടോടുംകൂടിയ പുഷ്പങ്ങൾകൊണ്ടല്ല നിബിഡമായിരിക്കുന്നതു. കാരണം ചൈതന്യത്തിലും പ്രവർത്തനത്തിലും മനോഹരമായ ഒരു വിവിധത ഇവയിലെല്ലാംതന്നെ ദൃശ്യമാകുന്നുണ്ടു. ചിലസഭകൾ ധ്യാനപരമെങ്കിൽ ( Comtemplative ) മററു ചിലതു

കർമ്മോദ്ധ്യുക്തമാണ് (Active). എന്നാൽ ധ്യാനാത്മകവും കർമ്മപരവുമായ ജീവിതരീതികളെ സംയോജിപ്പിച്ചുകൊണ്ടുള്ള സമ്മിശ്ര (Mixed) സ്വഭാവത്തോടുകൂടിയ സഭകളാണു ഇന്നു തിരുസഭയിൽ ഭൂരിഭാഗവും. ഈദൃശമായ ഒരു സഭയത്രെ കേരളസുറിയാനി കർമ്മലീത്താ സന്ന്യാസസഭ. സന്ന്യാസസഭാംഗങ്ങൾ നയിക്കുന്ന ജീവിതമാകട്ടെ, തിരുസഭയുടെ അംഗീകരണം സിദ്ധിച്ചിട്ടുള്ള ഒരു സമൂഹത്തിൽ നിയമാനുസൃതമായ ശ്രേഷ്ഠന്റെ കീഴിൽ വസിച്ചുകൊണ്ട് പൊതുദിവ്യപ്രമാണങ്ങൾക്കു പുറമെ സുവിശേഷസൽബുദ്ധികളായ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്ന മൂന്നു പരസ്യവ്രതങ്ങൾ ചെയ്ത് നിശ്ചിതമായ നിയമങ്ങൾ അനുസരിച്ച് സ്ഥിരമായി ജീവിക്കുന്ന ഒരു ജീവിതരീതിയാകുന്നു. ഈദൃശമായ ജീവിതരീതി എല്ലാവരും ബഹുമാന്യമായി പരിഗണിക്കണമെന്നാണു തിരുസഭാനിയമം അനുശാസിക്കുന്നതു. (കാനൻനിയമം 1-2)

സന്ന്യാസികൾ അനുഷ്ഠിക്കുന്ന വ്രതങ്ങൾ (Vows) ആഘോഷമായതോ (Solemn) സാമാന്യമായതോ (Simple) ആവാം. ഒരു സന്ന്യാസ സഭയിലെ വ്രതങ്ങൾ, ആഘോഷമായതൊ സാമാന്യമായതൊ എന്നു നിർണ്ണയിക്കുന്നതു തിരുസഭയാണു. സാമാന്യവ്രതങ്ങൾ സ്വീകരിക്കുന്ന സന്ന്യാസ സഭയെ കോൺഗ്രിഗേഷൻ (Congregation) എന്നും ആഘോഷമായ വ്രതങ്ങൾ സ്വീകരിക്കുന്നതിനെ ഓർഡർ (Order) എന്നും നാമകരണം ചെയ്തിരിക്കുന്നു. ഒരു രൂപതാദ്ധ്യക്ഷന്റെ നിയന്ത്രണത്തിലിരിക്കുന്ന സഭയെ രൂപതാസന്ന്യാസസഭ (Diocesan Congregation) എന്നു വിളിക്കുന്നു. ഒരു

ഗ്രുപതാസന്ന്യാസ സഭയ്ക്കു തിരുസിംഹാസനത്തിൽ നിന്നു അംഗീകരണമൊ പ്രശംസാപത്രമൊ ലഭിക്കുമ്പോൾ അതിനു പൊന്തിഫിക്കൽ സന്ന്യാസസഭ (Juris Pontificii) എന്ന പേരു സിദ്ധിക്കുന്നു. സാമാന്യവ്രതങ്ങൾ അനുഷ്ഠിക്കുന്ന ഇത്തരമൊരു പൊന്തിഫിക്കൽ സഭയാണു കേരള സുറിയാനി കർമ്മലീത്താസഭ. കേരളത്തിൽ പൌരസ്ത്യറീത്തിൽപെട്ട പൊന്തിഫിക്കൽസഭ ഇതുമാത്രമാണു്.

ആത്മപവിത്രീകരണത്തിലും തിരുസഭാസേവനത്തിലും ഉദ്യുക്തമായ സന്ന്യാസ സഭകൾ പാശ്ചാത്യ ദേശങ്ങളിൽ പുരാതനകാലം മുതല്ക്കേ നിരവധി ഉണ്ടായിരുന്നു. എന്നാൽ ഭാരതത്തിൽ തനിഭാരതീയമായ ഒരു സന്ന്യാസസഭ പത്തൊൻപതാം നൂററാണ്ടുവരെ ഉണ്ടായിരുന്നില്ല. ആ കുറവ് കേരള കർമ്മലീത്താസഭയുടെ സ്ഥാപനത്തോടുകൂടി പരിഹൃതമായെന്നു് പറയാവുന്നതാണു്.

## സഭയുടെ ഭരണക്രമം.

സന്ന്യാസസഭകളുടെയെല്ലാം പരമാധികാരി റോമ്മാമാർപ്പാപ്പാ തന്നെയാണു്. എല്ലാ സന്ന്യാസികളും അനുസരണവ്രതത്താൽ അവിടുത്തേയ്ക്കു കീഴ്പെട്ടിരിക്കുന്നു. എന്നാൽ തിരുസ്സഭയുടെ തലവൻ എന്ന നിലയിൽ മാത്രമല്ല പൌരസ്ത്യ റീത്തുകളുടെ തിരുസംഘ പ്രീഫെക്ട് എന്ന നിലയിലും അവിടുന്ന് കേരള കർമ്മലീത്താസഭയുടെ പരമാധികാരിയാണു്. പൌരസ്ത്യ തിരുസംഘ സെക്രട്ടറിയായ കർദ്ദിനാൾ തിരുമനസ്സിനും സഭയുടെമേൽ അധി

കാരമുണ്ട്. മാത്രമല്ല മാപ്പാപ്പായുടേയും പൗരസ്ത്യതിരു സംഘത്തിൻേറയും പ്രതിനിധി എന്ന നിലയിൽ ഇൻററ്‌നൺഷിയോയ്ക്കും, ഈ സഭ കീഴ്പെട്ടിരിക്കുന്നു. സഭയുടെ ഭരണം സഭയുടെ പ്രിയോർ ജനറാളാണ് നിർവഹിക്കുന്നതു്. പ്രിയോർ ജനറാളും ഇദ്ദേഹത്തിൻെറ നാലു് ആലോചനക്കാരും സഭാംഗങ്ങളുടെ പ്രതിനിധികളാൽ തിരിഞ്ഞെടുക്കപ്പെടുന്നു. ഈ ആലോചനക്കാർ ദെഫ്നിത്തോർ ജനറാളന്മാർ(Definitors General) എന്നാണ് വിളിക്കപ്പെടുന്നതു്. ഈ അഞ്ചുപേരും കൂടുമ്പോൾ സഭയുടെ കേന്ദ്രഭരണസമിതിയായി. സഭയെ പൊതുവിൽ സംബന്ധിക്കുന്ന ധനപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും മററുമായി ഒരു പൊതു പ്രോക്കുറേററരും (Procurator General) ഉണ്ട്. സഭ പ്രോവിൻസുകളായി വിഭജിക്കപ്പെട്ടശേഷം ഓരോന്നിൻേറയും മേലധികാരിയായി ഒരു പ്രൊവിൻഷ്യാളും (Provincial) ഓരോ പ്രൊവിൻഷ്യാളിനും ഈരണ്ടു ആലോചനക്കാരും തിരഞ്ഞെടുക്കപ്പെടുന്നു. ഇവരാണ് പ്രൊവിൻസിൻെറ ഭരണം നിർവ്വഹിക്കുന്നതു്. ഓരോ പ്രൊവിൻസിലും പൊതുസാമ്പത്തിക ചുമതല വഹിക്കുന്നതിന് പ്രൊവിൻഷ്യൽ പ്രോക്കുറേററുമുണ്ട്. ആശ്രമശ്രേഷ്ഠന്മാർ, അവർ നിയമിതരാകുന്ന കൊവേന്തകളുടെ സ്ഥിതിയനുസരിച്ച് പ്രിയോരെന്നോ, വികാരിയെന്നോ വിളിക്കപ്പെടുന്നു. ഇവരാണ് കേന്ദ്രഭരണസമിതിയ്ക്കും പ്രവിശ്യാഭരണസമിതിയ്ക്കും വിധേയമായി ഓരോ ആശ്രമത്തിൻേറയും ഭരണം നിർവ്വഹിക്കുന്നതു്.

## സഭാംഗത്വം.

സഭയിലെ അംഗങ്ങളിൽ ഭൂരിഭാഗവും വൈദികരാണ്. ഇവരെ സഹായിക്കുന്നതിന് "സഹായസഹോദരന്മാരും" (Lay brothers) ഉണ്ട്. ശുദ്ധ നിയോഗവും സഭാനിയമങ്ങൾ അനുസരിക്കുവാൻ വേണ്ട കഴിവും ഉള്ളവർക്കെല്ലാം കാനോനിക തടസ്സങ്ങളില്ലെങ്കിൽ സഭയിൽ പ്രവേശിക്കാവുന്നതാണ്. ഒരു സന്യാസസഭയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ശാരീരികവും, ആത്മികവും, മാനസികവുമായ ചില ഗുണങ്ങളും യോഗ്യതകളും അവശ്യം ആവശ്യകമായി തിരുസഭയുടെ കാനൻ നിയമങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഈ യോഗ്യതകളും മററും ഇല്ലാത്തവർക്ക് സഭാപ്രവേശനത്തിന് കാനോനികതടസ്സങ്ങളുണ്ടെന്ന് പറയുന്നു. ഏതെങ്കിലും സന്യാസസഭയിൽ പ്രവേശിക്കുന്നതിന് ദൈവാഹ്വാനം ആവശ്യമാണ്. "നിങ്ങളല്ല എന്നെ തിരിഞ്ഞെടുത്തത്. ഞാനാണ് നിങ്ങളെ തിരിഞ്ഞെടുത്തത്" എന്നത്രെ നമ്മുടെ ദിവ്യരക്ഷകൻ തൻെറ ശിഷ്യഗണത്തോടു അരുൾ ചെയ്തത്. ഓരോ സഭയും അതതിൻെറ പ്രത്യേകചൈതന്യത്തിന് അനുസൃതമായി ആവശ്യപ്പെടുന്ന യോഗ്യതകളും, സഭാംഗമാകുന്നതിനുള്ള സമ്മതവും സന്യാസാപേക്ഷകനിൽ ഉണ്ടായിരിക്കേണ്ടതു കൂടാതെ പ്രസ്തുത സഭ അയാളെ സ്വീകരിക്കുകയും വേണം. അപ്പോൾ മാത്രമേ ഒരാൾക്ക് ദൈവവിളിയുണ്ടെന്ന് തീർത്തു പറയുവാൻ പാടുള്ളു. ദിവ്യാഹ്വാനത്തെക്കുറിച്ച് ഒരാൾ സംശയഗ്രസ്തനെങ്കിൽ ആ കാര്യം ആത്മനിയന്താവിനെ അഥവാ കുമ്പസാരക്കാരനെ അയാൾ അറിയിക്കയും അ

ദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവൎത്തിക്കയും വേണം. ഏകാന്തതയിൽ കഴിക്കുന്ന ധ്യാനവും ആശാനിഗ്രഹവും വഴിയായി ദൈവൈക്യം പ്രാപിക്കുന്നതിന് സഭാംഗങ്ങളെ സഹായിക്കുകയും സഹോദരങ്ങളുടെ ആത്മരക്ഷയ്ക്കും നാടിൻെറ നാനാവിധത്തിലുള്ള മേന്മയ്ക്കുംവേണ്ടി പ്രവൎത്തിക്കയും ചെയ്തുകൊണ്ടിരിക്കുന്ന കേരള സുറിയാനി കര്മ്മലീത്താ സഭയിലേക്കാണ് ഒരു യുവാവിന് ദൈവാഹ്വാനം ലഭിക്കുന്നതെങ്കിൽ അവൻ സഭാധികൃതരെ സമീപിക്കയും .അവരുടെ നിർദ്ദേശാനുസരണം പ്രവൎത്തിക്കയും ചെയ്യണം. സഭയിൽ പ്രവേശിച്ച് വൈദികനാകുന്നതിന് ആഗ്രഹിക്കുന്ന യുവാവ് യോഗാർത്ഥി ഭവനത്തിൽ (Aspirants' House) പ്രവേശിക്കുന്നു. ഓരോ പ്രോവിൻസിലും യോഗാൎത്ഥികളുടെ ആദ്ധ്യപരിശീലനത്തിനും വിദ്ല്യാഭ്യാസത്തിനും വേണ്ടി ആവശ്യാനുസരണം യോഗാർത്ഥി ഭവനങ്ങൾ നടത്തിപ്പോരുന്നു. ആറാം ഫാറം പാസ്സായശേഷം യോഗാർത്ഥികൾ രണ്ടു കൊല്ലത്തേയ്ക്ക് ലത്തീൻ, സുറിയാനി, ഇംഗ്ലീഷ് ലോകചരിത്രം എന്നിവ പഠിക്കുന്നു. ഈ കാലയളവിനുശേഷം ഇവർ സഭാവസ്ത്രം സ്വീകരിച്ച് ഒരുവർഷം സന്യാസജീവിത പരിശീലനത്തിനു മാത്രമായി വിനിയോഗിക്കുന്നു. ഈ പരിശീലനകാലം കാനോനിക നവസന്യാസകാലം അഥവാ നൊവിഷ്യേററ് Novitiate) എന്നു് പറയപ്പെടുന്നു. സഭയിൽ സഹായസഹോദരന്മാരാകുവാൻ ആഗ്രഹിക്കുന്നവർ ആറു മാസം സന്യാസാൎത്ഥികളായി (Postulants) കഴിച്ചശേഷമാണ് നവസന്യാസം ആരംഭിക്കേണ്ടതെന്ന് കാനൻ നി



മൊൺ. സ്റ്റബിലീനി



പാലയ്ക്കൽ തോമ്മാ മല്പാൻ
സഭാസ്ഥാപകൻ



പോരൂക്കര തോമ്മാ മല്പാൻ
സഭാസ്ഥാപകൻ

യമം അനുശാസിക്കുന്നു. എല്ലാവരുടേയുംനൊവിഷ്യേറ്റ് ഒരുകൊല്ലം ചിലവഴിക്കുന്നു. അതിനുശേഷംനവസന്യസികൾ അനുസരണം, ദാരിദ്ര്യം ബ്രഹ്മചര്യം എന്നീവ്രതങ്ങൾ താല്ക്കാലികമായി എടുക്കുന്നു. മൂന്നുപ്രതിവർഷ നവീകരണത്തിനുശേഷം വൈദികനവസന്യാസികൾ ശാശ്വതവ്രതവാഗ്ദാനവും നടത്തുന്നു. സന്യാസവൈദികവിദ്യാർത്ഥികൾ നവസന്യാസകാലം കഴിഞ്ഞാലുടനെ തുടങ്ങി മൂന്നു വർഷത്തേയ്ക്കു തത്വശാസ്ത്രം, പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, തിരുസഭാചരിത്രം, ഗ്രീക്കു, ഫ്രഞ്ചു, ഹിബ്രൂ ഹിന്ദി മുതലായവ പഠിക്കുന്നു. പിന്നീടുള്ള നാലു വർഷങ്ങൾ ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, കനൻ നിയമം വേദപുസ്തകശാസ്ത്രം, പ്രസംഗകല എന്നിവയുടെ അഭ്യസനത്തിനായി വിനിയോഗിക്കുന്നു. ഈ നാലുവർഷത്തെ പഠനം പൂർത്തിയാകുമ്പോൾ, വൈദികവിദ്യാർത്ഥി പുരോഹിതപദത്തിലേക്കു ഉയർത്തപ്പെടുന്നു. പുരോഹിതപദപ്രാപ്തിയ്ക്കുശേഷമുള്ള പരിശീലനവും കഴിഞ്ഞു യുവവൈദികൻ സഭയുടെ നിയമത്തിനും ശ്രേഷ്ഠന്മാരുടെ നിർദ്ദേശത്തിനും അനുസൃതമായി ഓരോ ജോലികളിൽ ഏർപ്പെടുന്നു.

## കേരളത്തിലെ മരിയാരാമം.

കേരള സുറിയാനി കർമ്മലീത്താ സഭയുടെ സ്ഥാപനം ഉറച്ച ക്രിസ്തുവിശ്വാസികളായ മർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രത്യേകമായ മരിയഭക്തിയുടെ ഒരു മകുടം ചാർത്തലായി പരിഗണിക്കാവുന്നതാണ്. ഫാദർ വില്യം ഫേബർ പറയുന്നതുപോലെ "മിശിഹായിലുള്ള വി

ശപാസത്തിൻെറ പൂർത്തീകരണമത്രെ, ദൈവമാതൃഭക്തി." കേരളത്തിലെ ദൈവമാതൃഭക്തിയുടെ ഉത്തമോദാഹരണമായ ഈ മരിയാരാമം നട്ടുവളർത്തുന്നതിനുള്ള പ്രചോദനം ലഭിച്ചതു് സുകൃതശ്ലോകരും സർവ്വജനസമ്മതരുമായ പെ. ബ. പാലയ്ക്കൽ തോമ്മാ മല്പാനച്ചനും, പോരൂക്കര തോമ്മാ മല്പാനച്ചനും ചാവറ കുര്യാക്കോസ് ഏലിയാസച്ചനുമാണു. ഇവർ ആദ്യ ആശ്രമത്തിൻെറ ശിലാസ്ഥാപനം 1831–മെയ്–11–ാംനു– മാന്നാനം കുന്നിൻപുറത്തു്, അന്നു് വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന മോൺ. സ്തബിലീനി ഒ.സി.ഡി. തിരുമനസ്സിലെ അനുമതിയോടും, പ്രോത്സാഹനത്തോടും അനുഗ്രഹാശിസ്സുകളോടുംകൂടി, അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽതന്നെ നിർവ്വഹിച്ചു. താമസിയാതെ ഒരു സന്യാസസമൂഹം ഇവരുടെ നേതൃത്വത്തിൽ ആരംഭിച്ചു. ഈ സമൂഹം കാനോനികമായ ഒരു സന്യാസസഭയായി രൂപാന്തരപ്പെടുന്നതിനു മുൻപു്, 1841–ൽ പാലയ്ക്കലച്ചനും 1846–ൽ പോരൂക്കര അച്ചനും ദിവംഗതരായതിനാൽ സന്യാസസമൂഹത്തിൻെറ ഭരണം ഏറെറടുത്തു് അതിന്റെ പരിശീലനം പൂർത്തിയാക്കി, നിയമാവലി തയാറാക്കി, വ്രതാനുഷ്ഠാനവും ഏർപ്പെടുത്തി കാനോനികമായ സന്യാസസഭയായി അതിനെ സ്ഥാപിക്കുന്നതിനുള്ള ചുമതല ചാവറ കുറിയാക്കോസച്ചനിൽ നിക്ഷിപ്തമായി. അദ്ദേഹം ഈ ചുമതല സ്തുത്യർഹമായി നിർവഹിക്കുകയും ചെയ്തു.

മാന്നാനത്തെ സന്യാസസമൂഹത്തെ കാനോനിക സന്യാസസഭയായി അംഗീകരിക്കണമെന്നു അദ്ദേഹം രൂപതാധികാരിയായ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ

യോടു അപേക്ഷിച്ചു. അദ്ദേഹം അതിനു സമ്മതിക്കുകയും, ഭുവനപ്രസിദ്ധമായ കർമ്മലീത്താ ഒന്നാംസഭയുടെ നിയമംതന്നെ, കാലദേശാനുസൃതമായ ഭേദഗതികൾ ചെയ്തു സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നു അഭിപ്രായപ്പെടുകയും ചെയ്തു. അതനുസരിച്ച് ചാവറയച്ചൻ തയാറാക്കിയ സന്യാസനിയമം രൂപതാധികാരി അംഗീകരിക്കുകയും വ്രതവാഗ്ദാനം ചെയ്യുന്നതിനു അനുമതി നൽകുകയും ചെയ്തു. ഇപ്രകാരം നൈയ്യാമികമായി ആദ്യം ചാവറ അച്ചൻ രൂപതാദ്ധ്യക്ഷനായ മോൺ. ബർണർദീൻെറ പ്രതിനിധിയായ ഫാദർ മർസലീൻെറ സാന്നിദ്ധ്യത്തിൽ 1855 ഡിസംബർ 8–ാംനു വ്രതവാഗ്ദാനം ചെയ്യുകയും തദനന്തരം പുതിയ സന്യാസനിയമത്തിനനുസരണമായി വ്രതവാഗ്ദാനം ചെയ്യുന്നതിനു സമ്മതിച്ച പത്തുവൈദികരുടെ വ്രതവാഗ്ദാനം അഭിനവസഭയുടെ കാനോനികശ്രേഷ്ഠൻ എന്ന നിലയിൽ സ്വീകരിക്കുകയും ചെയ്തു. ഈ മഹാസംഭവത്തിൻെറ ശതാബ്ദപൂർത്തിയാണ് ഇപ്പോൾ ആഘോഷിക്കുന്നതു്.

ഈ യോഗിവര്യൻെറ നിസ്തന്ദ്രപരിശ്രമഫലമായി സഭ വികസിക്കുകയും അയൽപ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. 1860–ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബർണ്ണർദീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഈ സഭയെ പുരാതന പ്രസിദ്ധമായ കർമ്മലീത്താ ഒന്നാം സഭയോടു ബന്ധിക്കുകയുണ്ടായി. 1871–ൽ "വലിയ പ്രിയോരച്ചൻ" എന്ന അപരാഭിധാനത്താൽ പ്രകീർത്തിതനുമായിരുന്ന കുര്യാക്കോസ് ഏലിയാസച്ചൻ പതിനാറു നീണ്ട സംവത്സര

ങ്ങൾ സഭാനൗകയെ സ്തുത്യർഹമാംവിധം നയിച്ചശേഷം സ്വർഗ്ഗീയപിതാവിൽനിന്നു തൻെറ സമ്മാനം വാങ്ങിക്കു വാനായി ലോകരംഗത്തുനിന്നു് തിരോധാനം ചെയ്തു. മാമോദീസായിൽ ലഭിച്ച പ്രസാദവരം ആമരണം അഭംഗം പാലിക്കുവാൻ ഭാഗ്യം സിദ്ധിച്ച ഈ പുണ്യശ്ലോകനെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കുന്നതിനുള്ള പരിശ്രമങ്ങൾ സഭ ചെയ്തുകൊണ്ടിരിക്കയാണു്

സഭ പൂർവ്വാധികം വികസിച്ചതോടെ അതിൻെറ നിയമസംഹിത 1885 ജാനുവരി 1–ാംനു- തിരുസിംഹാസനം താല്ക്കാലികമായി അംഗീകരിച്ചു. അങ്ങനെ സഭ പൊന്തിഫിക്കൽ സന്യാസസഭയായി തീൎന്നു (Pontifical Institute). 1887–ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ അധികാരത്തിൽപ്പെട്ടിരുന്ന സുറിയാനിക്കാൎക്കു വേണ്ടി തൃശ്ശൂർ, കോട്ടയം എന്നീ അപ്പസ്തോലിക്കാ വികാരിയാത്തുകൾ സ്ഥാപിതമായപ്പോൾ സഭ ഒന്നായിരിക്കാൻവേണ്ടി പരിശുദ്ധ സിംഹാസനം പൗരസ്ത്യദേശങ്ങളുടെ ദലഗാദപ്പസ്തോലിക്ക ആയിരുന്ന മോൺസിഞ്ഞോർ അയൂത്തിയെ സഭയുടെ പ്രിയോർ ജനറാളായി നിയമിച്ചു. 1890–ൽ ദലഗാദപ്പസ്തോലിക്കായുടെ ആജ്ഞാനുസരണം ഒരു പൊതു സംഘം അമ്പഴക്കാട്ട് സമ്മേളിച്ചു് സഭയുടെ നിയമങ്ങളിൽ ചില ഭേദഗതികൾ വരുത്തി തിരുസിംഹാസനത്തിലേക്കു് അയയ്ക്കുകയും 1893-ൽ അവ അംഗീകൃതങ്ങളാകയും ചെയ്തു. 1893-ൽ തന്നെ ഫാ. ബർണാർദ് ഒ.സി.ഡി. സഭയുടെ പ്രിയോർ ജനറാളായി നിയമിക്കപ്പെട്ടു. പിന്നീടു് 1902-ൽ ആദ്യം വ്രതവാഗ്ദാനം നടത്തിയ പതിനൊന്നു് പിതാക്കന്മാരിൽ

ഒരാളായ കട്ടക്കയത്തിൽ ബ. ബ. വലിയ ചാണ്ടിയച്ചൻ പ്രിയോർ ജനറാളായി തിരിഞ്ഞെടുക്കപ്പെട്ടു. 1905 ഡിസംബർ 8–ാംനു സന്യാസസഭാമാതാവു അവളുടെ കാനോനിക സ്ഥാപനത്തിൻെറ സുവർണ്ണജൂബിലി ആഘോഷിക്കുകയും, അടുത്തവർഷംതന്നെ, അന്നു തിരുസിംഹാസനം അലങ്കരിച്ചിരുന്ന വി. പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സഭാനിയമസംഹിത ശാശ്വതമായി അംഗീകരിക്കുകയും ചെയ്തു.

തദനന്തരം ഈ സന്യാസ സഭ ക്രമാനുഗമായി വളൎന്നുവന്നു. അനേകം യുവാക്കന്മാർ സഭയിലേക്കാകൎഷിക്കപ്പെടുകയും തന്മൂലം സഭാംഗങ്ങളുടെ എണ്ണം വൎദ്ധിക്കുകയും വിവിധസ്ഥലങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിതമാകയുംചെയ്തു. ആദ്യആശ്രമത്തിൻേറയും ദേവാലയത്തിൻേറയും ശിലാസ്ഥാപനത്തോടെ സഭ ആരംഭിച്ചിട്ടു ഒരു ശതാബ്ദം പൂൎത്തിയായ 1931-ൽ അതിൻെറ ശതവത്സര ജൂബിലി സഭയിൽ ആഘോഷിക്കപ്പെട്ടു. ആ അവസരത്തിൽ ഭാഗ്യസ്മരണാൎഹനായ, 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു സ്വഹസ്തലിഖിതമായ ഒരാശിസ്സ് സഭയ്ക്കു അയച്ചുതരുകയുണ്ടായി. ഇന്നു കേരള സുറിയാനിഹയരാൎക്കിയുടെ അധികാരസീമ, പരിശുദ്ധ സിംഹാസനത്താൽ പൂൎവ്വാധികം വിസ്തൃതമാക്കപ്പെട്ടിരിക്കുന്നതുകൊണ്ടു, സഭയുടെ പ്രവൎത്തനങ്ങൾ വളരെ അധികം വൎദ്ധിപ്പിക്കുവാനും സാധിക്കുന്നതാണു്.

ഇങ്ങനെ സഭ വളൎന്നു പല നവീന പ്രവൎത്തന രംഗങ്ങളിലേക്കും പ്രവേശിച്ചതോടെ ഇതഃപൎയ്യന്തം അനുസ

രിച്ചു പോന്നിരുന്ന നിയമാവലിയിൽ കാലാനുസൃതവും പൗരസ്ത്യകാനൻ നിയമാനുസൃതവുമായ മാററങ്ങൾ വരുത്തിക്കൊണ്ടു അംഗീകരണത്തിനുവേണ്ടി വീണ്ടും തിരുസിംഹാസനത്തിലേക്ക് അയച്ചിരിക്കയാണ്. വികസിതമായ സഭയുടെ ഭരണം സുകരമാക്കുന്നതിനും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും വേണ്ടി 1953–ൽ തിരുസിംഹാസനം സഭയെ മൂന്നു പ്രവിശ്യകളായി തിരിക്കുകയുണ്ടായി. മാന്നാനം കേന്ദ്രമായുള്ള വി. യൗസേപ്പിന്റെ ദക്ഷിണപ്രോവിൻസു, ആലുവാ കേന്ദ്രമായുള്ള തിരുഹൃദയത്തിന്റെ മദ്ധ്യപ്രോവിൻസു, തൃശ്ശൂർ കേന്ദ്രമായുള്ള ദേവമാതാവിന്റെ ഉത്തരപ്രോവിൻസു എന്നിവയാണ് പ്രസ്തുത പ്രവിശ്യകൾ. സഭയുടെ പൊതു ശ്രേഷ്ഠനായ പ്രീയാർ ജനറാളിന്റേയും ആലോചനക്കാരുടേയും ആസ്ഥാനം എറണാകുളത്താണു.

സർവ്വശക്തനായ ദൈവത്തിന്റെ പൈതൃകമായ പരിപാലനമാണു സഭയുടെ ഇന്നോളമുള്ള അഭിവൃദ്ധിയിൽ സർവ്വത്ര ദൃശ്യമാകുന്നതെന്നുള്ള വസ്തുത കൃതജ്ഞതാപുരസ്സരം പ്രസ്താവിച്ചു കൊള്ളുന്നു.

# സഭയുടെ വിനീത സേവനങ്ങൾ

## മലങ്കരയുടെ ആദ്ധ്യാത്മിക നവോത്ഥാനം.

കേരള സുറിയാനി സമുദായത്തെ സംബന്ധിച്ചിടത്തോളം മതാനുഷ്ഠാനപരമായും മററും സംഗതികൾ

അത്രതന്നെ ആശാസ്യമല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ആവിർഭവിച്ച കേരളകത്തോലിക്കാ സഭയുടെ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി മലങ്കരയ്ക്കു ഒരാദ്ധ്യാത്മികമായ നവോത്ഥാനംതന്നെയാണു സംഭവിച്ചതു. സഭാസ്ഥാപകന്മാർ തന്നെ ജീവിതവിശുദ്ധിയിൽ മികച്ചവരായിരുന്നു. അവരുടെ ആന്തരിക ജീവിതത്തിൻെറയും ആദ്ധ്യാത്മിക തീക്ഷ്ണതയുടേയും ഒരു ബഹിർസ്ഫുരണം മാത്രമായിരുന്നു അവരുടെ അപ്പസ്തോലികമായ പ്രവർത്തനങ്ങളെല്ലാം. പാലയ്ക്കൽ തോമ്മാ മല്പാനച്ചനേയും പോരൂക്കര തോമ്മാമല്പാനച്ചനേയും അനുപദം അനുകരിച്ചിരുന്ന കര്യാക്കോസ് ഏലിയാസച്ചനും മലങ്കരയ്ക്കു ഒരു പുതിയ ആദ്ധ്യാത്മിക ജീവൻ പ്രദാനം ചെയ്തു.

## ധ്യാനപ്രസംഗപ്രസ്ഥാനം.

പ്രസംഗങ്ങൾ പള്ളിയിൽ വിരളമായിരുന്ന ആ കാലത്ത് ഞായറാഴ്ചതോറും പ്രസംഗം പറയുന്ന മുറ നടപ്പിൽ വരുത്തിയതു സുപ്രസിദ്ധ പ്രസംഗകനായിരുന്ന കര്യാക്കോസ് ഏലിയാസച്ചനാണ്. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അന്നു മാന്നാനത്തു താമസിച്ചിരുന്ന സന്ന്യാസവൈദികർ ഈ പ്രസ്ഥാനം ഇതരപള്ളികളിലും പ്രചരിപ്പിച്ചു. ഹൃദയസ്പർശകമാംവിധം പ്രസംഗിച്ച് അത്ഭുതകരമായ മാനസാന്തരങ്ങൾപോലും സാധിച്ചിട്ടുള്ള സഭാംഗങ്ങൾ പലരാണ്. പഴയകാലത്തു ഇവരുടെ ധ്യാനയോഗങ്ങളിൽ അകത്തോലിക്കരും ഹിന്ദുക്കൾ തന്നെയും സംബന്ധിച്ചിരുന്നെന്നും, അവർ മോഷ്ടിച്ച വസ്തുക്കളുംമററും ഉടമസ്ഥർക്കു രഹസ്യമായും ചിലപ്പോൾ

പരസ്യമായും തിരിച്ചു കൊടുത്തിരുന്നുവെന്നും കേൾക്കുമ്പോൾ നാം ഇന്നു അത്ഭുതപ്പെട്ടുമായിരിക്കും. എന്നാൽ അതു ഒരു യാഥാർത്ഥ്യം മാത്രമാണു്. ഇടവകയിലെ എത്രയെത്ര കക്ഷിമത്സരങ്ങളും കുടുംബവഴക്കുകളുമാണു് ധ്യാനഗുരുക്കന്മാർ തീർത്തിട്ടുണ്ടെന്നുള്ളതിനു് അനുഭവസ്ഥന്മാർതന്നെ വേണ്ടുവോളം സാക്ഷ്യംവഹിക്കുന്നുണ്ടു്. ഈ പിതാക്കന്മാരുടെ കാലടികളെ പിന്തുടൎന്നു്, ഇടവക പള്ളികളിലും, വിദ്യാലയങ്ങളിലും, കലാലയങ്ങളിലും, കന്യകാലയങ്ങളിലും, വ്യവസായശാലകളിലും ധ്യാനപ്രസംഗങ്ങൾ സഭാംഗങ്ങൾ ഇന്നു് അവിശ്രമം നടത്തിപ്പോരുന്നുണ്ടു്. സഭയിൽനിന്നു് ഉദ്ദേശം 410 ജ്ഞാനധ്യാനങ്ങളാണു് വർഷംതോറും നടത്തിക്കൊണ്ടിരിക്കുന്നതു്.

## ഇടവക ഭരണം.

ഇടവകഭരണകാര്യത്തിലും സഭ വിവിധരൂപതാദ്ധ്യക്ഷന്മാരെ, ആരംഭകാലം മുതൽക്കേ ആവുംവിധം സഹായിച്ചുകൊണ്ടാണിരിക്കുന്നതു്. ഇന്നു് എറണാകുളം, തിരുവനന്തപുരം എന്നീ അതിരൂപതകളിലും, ചങ്ങനാശേരി, വിജയപുരം, ആലപ്പുഴ, തിരുവല്ലാ, തലശ്ശേരി, തിരുവനന്തപുരം എന്നീ രൂപതകളിലുമായി 30 ഇടവകകളിൽ സഭാംഗങ്ങളായ വൈദികർ, വികാരിമാരായി ജോലി നോക്കിപ്പോരുന്നുണ്ടു്. ഈ സഭ സ്ഥാപിതമായ കാലഘട്ടത്തിൽ മതാത്മകമായ ജ്ഞാനത്തിൽ കുറേ പിന്നോക്കമായിരുന്ന മലങ്കരസഭാസന്താനങ്ങളെ വേണ്ടത്ര ദൈവിക കാര്യങ്ങൾ കാര്യക്ഷമമായി പഠിപ്പിച്ചുതുടങ്ങി



കേരളസുറിയാനി കർമ്മലീത്താസഭയുടെ
സ്ഥാപകൻ
വെ. ബ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

യത്തു വലിയ പ്രിയോരച്ചൻ തന്നെയാണ്. 1861-ൽ അദ്ദേഹം മലങ്കര സുറിയാനിസഭയുടെ വികാരിജനറാളായി നിയമിതനായതുമുതൽ, ഇടവകപ്പള്ളികളെല്ലാം സന്ദർശിക്കുകയും ഓരോ പള്ളിയോടും അനുബന്ധിച്ച് വേദപാഠശാലകൾ ക്രമാനുസൃതം നടത്തുവാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. പള്ളികളെയെല്ലാം പല ഡിസ്ട്രിക്ടുകളായി തിരിച്ചു, അവയെ സഭാംഗങ്ങളായ വൈദികരുടെ മേൽനോട്ടത്തിലാക്കി. ഇങ്ങനെ മലങ്കരസഭയിൽ മങ്ങിക്കിടന്നിരുന്ന മതതീക്ഷ്ണത സഭ പ്രോജ്ജ്വലിപ്പിച്ചു. ഇന്നു ആശ്രമങ്ങളോടു അനുബന്ധിച്ചു സൺഡേസ്കൂളുകളും പഠനക്കളരികളും, ആദ്ധ്യാത്മിക ചൈതന്യസംവർദ്ധകങ്ങളായ പല ഭക്തസഖ്യങ്ങളും നടത്തിപ്പോരുന്നുണ്ടു്. നാട്ടിലെ ബാലികാബാലന്മാൎക്കും യുവതീയുവാക്കന്മാൎക്കും ഈ സംഘടനകൾവഴിയായി ലഭിച്ചുകൊണ്ടിരിക്കുന്ന സഹായങ്ങൾ എത്രമാത്രമാണെന്നു കേരളീയകത്തോലിക്കരോട് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല തന്നെ.

## ആരാധനക്രമപരിഷ്ക്കരണം.

ആരാധനക്രമം സംബന്ധിച്ചും പല പരിഷ്ക്കാരങ്ങൾ സഭവഴിയായി കേരളസുറിയാനിസഭയിൽ നടപ്പിൽവന്നിട്ടുണ്ടു്. സഭയുടെ ഒരു സ്ഥാപകനായ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ, പട്ടക്കാരുടെ വസ്ത്രധാരണരീതി പരിഷ്ക്കരിക്കുകയുണ്ടായി. എപ്പോഴും പട്ടക്കാർ ളോവധരിച്ചു നടക്കുന്ന പതിവു് അദ്ദേഹമാണ് ഏർപ്പെടുത്തിയതു്. സഭയുടെ വേറൊരടിസ്ഥാനക്കാരനായ പോ

രുക്കരെ തോമ്മാ മല്പാനച്ചൻ കേരളത്തിൽ മാർ യൗസേപ്പിൻെറ ഭക്തി പ്രചരിപ്പിക്കുവാൻ വളരെ പരിശ്രമിച്ചിട്ടുണ്ട്. സഭയെ കാനോനികമായി സ്ഥാപിച്ച പൂജ്യപാദരായ കുര്യാക്കോസ് ഏലിയാസച്ചനാണ് ആരാധനക്രമങ്ങൾ സംബന്ധിച്ച് സുപ്രധാനങ്ങളായ പല പരിഷ്ക്കാരങ്ങൾ, പില്ക്കാലത്തു നടപ്പിൽവരുത്തിയിട്ടുള്ളത്. അദ്ദേഹത്തിൻെറ കാലംവരെ, പട്ടക്കാരുടെ കാനോനിക ജപങ്ങൾക്കു ഐകരൂപ്യം ഇല്ലായിരുന്നു. മാത്രമല്ല, അവ കൈയെഴുത്തുപ്രതികളിലായിരുന്നതാനും. എന്നാൽ 'വലിയപ്രിയോരച്ചൻ' ഇവയെ ക്രമവല്ക്കരിച്ച് സ്വന്തം കൈപ്പടയിൽതന്നെ എഴുതി മുദ്രണംചെയ്യിച്ചു. ഈ പ്രാർത്ഥനാഗ്രന്ഥമാണ് ഇപ്പോൾ സുറിയാനിവൈദികർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ കുർബ്ബാന ചൊല്ലുന്നതിൽ ഏകരീതി ഉണ്ടാകുന്നതിനുവേണ്ടി "തക്സാ" എന്ന കുർബ്ബാനാപ്പുസ്തകക്രമപുസ്തകം അച്ചടിപ്പിച്ചു. മരിച്ചവർക്കുവേണ്ടിയുള്ള "ഒപ്പീസ്" ശരിപ്പെടുത്തിയും പള്ളിപ്പഞ്ചാംഗം മലയാളത്തിൽ അച്ചടിപ്പിച്ചു നടപ്പിൽവരുത്തിയും ഇദ്ദേഹം നമ്മുടെ ആരാധനക്രമം പരിഷ്ക്കരിച്ചു ദുഃഖശനിയാഴ്ചക്രമം ലത്തീനിൽനിന്നു സുറിയാനിയിലേക്കു ഭാഷാന്തരംചെയ്ത് 1869-ൽ ആശ്രമദേവാലയങ്ങളിൽ ആദ്യം സമാരംഭിച്ചതും ഇദ്ദേഹമായിരുന്നു. കൊവേന്തപ്പള്ളിയിൽനിന്നാണ് ഇടവക ദേവാലയങ്ങളിലേക്ക് ഈ ക്രമം സംക്രമിച്ചത്. സുറിയാനിക്കാരുടെ ദേവാലയങ്ങളിൽ, കേരളത്തിൽ ഇദംപ്രഥമമായി പരിശുദ്ധ കുർബ്ബാനയുടെ നാല്പതുമണി ആരാധന ആരംഭിച്ചതു് സഭയുടെ മാതൃഭവനമായ മാന്നാനത്തായി

രുന്നു എന്നും, ഇവിടെനിന്നാണ് നമ്മുടെ മററു ദേവാലയങ്ങളിലേക്ക് ഈ ഭക്താനുഷ്ഠാനം വ്യാപിച്ചതെന്നുമുള്ള വസ്തുത നാം വിസ്മരിച്ചുകളയരുതു്. മാത്രമല്ല, നമ്മുടെ റീത്തുസംബന്ധമായ സമൂലപരിഷ്കരണത്തിനുവേണ്ടി പൗരസ്ത്യറീത്തുകളുടെ തിരുസംഘോപദേഷ്ടാവായി നിയമിതനായി ഇപ്പോൾ റോമിൽ ജോലിതുടൎന്നുകൊണ്ടിരിക്കുന്ന വെ. റവ. ഫാ. പ്ളാസിഡ് T.O.C.D., Ph.D., D.D., D.C.L. ഈ സഭയുടെ ഒരു സന്താനമാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

## സന്യാസിനീസമൂഹസ്ഥാപനം.

സഭ, കേരളസുറിയാനിസമൂഹത്തിനു നിവ്വഹിച്ചിട്ടുള്ള വേറൊരു സേവനം കമ്മേലീത്താ സന്യാസിനീസഭയുടെ സ്ഥാപനമാണ്. സന്യാസജീവിതം ആശ്ലേഷിക്കുന്നതിനുള്ള ഈ നാട്ടിലെ സ്ത്രീജനത്തിനുണ്ടായിരുന്ന ആഗ്രഹം 1866 ഫെബ്രുവരി 13-ാംനു- കൂനമ്മാവിൽ ഒരു കമ്മേലീത്താമഠം സ്ഥാപിച്ചുകൊണ്ടു സാധിതമാക്കിയതു്, കമ്മേലസഭാചൈതന്യമൂൎത്തിതന്നെയായ കുൎയ്യാക്കോസ് ഏലിയാസച്ചനാണ്. വിദ്യാലയങ്ങളും കലാലയങ്ങളും നടത്തിയും, അനാഥശാല നടത്തൽ, ആതുരശുശ്രൂഷ മുതലായ ജീവകാരുണ്യപരമായ ജോലികൾ നിവ്വഹിച്ചുംകൊണ്ടു് കേരളമാസകലം വ്യാപിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കമ്മേലീത്താസഹോദരികളുടെ പ്രശസ്ത സേവനങ്ങൾ സുവിദിതങ്ങളാണല്ലോ. നമ്മുടെ ബാലികാബാലന്മാരെ മതകാൎയ്യങ്ങൾ അഭ്യസിപ്പിക്കുന്നതിലും കൂദാശ സ്വീകരിക്കുന്നതിനു സജ്ജീകരിക്കുന്നതിലും

മററും ഈ സഹോദരികൾ പ്രദർശിപ്പിക്കുന്ന പാടവവും ത്യാഗബുദ്ധിയും പ്രശംസനീയമത്രെ. ഇപ്പോൾ എല്ലാ സുറിയാനിരൂപതകളിലുംകൂടി 78 കന്യകാലയങ്ങളും 2600-ഓളം അംഗങ്ങളുമാണ് ഈ സഭയിലുള്ളത്. ഈ സന്ന്യാസിനീസമൂഹമാണ് പില്ക്കാലത്തു കേരളത്തിൽ ഉണ്ടായിട്ടുള്ള ഇതര സഹോദരീസഭകളുടെ സ്ഥാപനത്തിനു പ്രചോദകവും പ്രേരകവുമായിതീൎന്നിട്ടുള്ളതു്. ഈ സന്യാസിനീസഭയിലേയും മററുചില സഹോദരീസമൂഹങ്ങളിലേയും പല മഠാംഗങ്ങളുടെ ആത്മനിയന്താക്കളും നവസന്യാസഗുരുക്കന്മാരുമായി കർമ്മലീത്താ വൈദികർ ജോലിനിർവ്വഹിച്ചുപോരുന്നുണ്ടു്.

## മതപ്രചരണപ്രസ്ഥാനം.

ദൈവത്തിന്റെ ഉപരിമഹത്വത്തോടൊപ്പം ദൈവരാജ്യവിപുലീകരണവും ആദർശമായി സ്വീകരിച്ചു പ്രവൎത്തിച്ചിരുന്ന പ്രവാചകപ്രവരനായ ഏലിയാസിന്റെ സന്താനങ്ങൾക്കനുയോഗ്യമായ തീക്ഷ്ണത ആദ്യംമുതൽ സഭയിൽ പ്രകടമായികാണാവുന്നതാണ്. ആദ്യപിതാക്കന്മാരുടെ വിശ്വാസോജ്ജ്വലവും ഭക്തിസംവൎദ്ധകവുമായ ധ്യാനപ്രസംഗങ്ങൾ, അകത്തോലിക്കരേയും ഹിന്ദുസഹോദരങ്ങളെപ്പോലും ആകർഷിച്ചിരുന്നുവെന്നു നാം കണ്ടുകഴിഞ്ഞുവല്ലോ. അഭിവന്ദ്യ മാർ ഈവാനിയോസു തിരുമേനി ആരംഭിച്ചതും രജതജൂബിലി ആഘോഷിച്ചുകൊണ്ടു പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങിൽഈ സഭാംഗങ്ങൾ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ടു്. മർ ഈവാനിയോ

സ്, തിയോഫിലസ് തിരുമേനിമാരും മററും പുനരൈക്യപ്പെടുന്നതിനു വളരെ മുമ്പുതന്നെ സഭാംഗങ്ങൾ തുമ്പമൺ അയിരൂർ മുതലായ അകത്തോലിക്കരുടെ കേന്ദ്രങ്ങളിൽ മുററിനിന്ന പ്രതിബന്ധങ്ങളാൽ പരാങ്മുഖരാകാതെ പ്രവർത്തനംനടത്തിയിരുന്നു. പുനരൈക്യപ്പെട്ട വന്ദ്യവൈദികർക്കും അൽമായർക്കും ആവശ്യമുള്ള സഹായസഹകരണങ്ങൾ ചെത്തിപ്പുഴ മുതലായ ആശ്രമങ്ങൾ കേന്ദ്രങ്ങളാക്കി സഭയിൽനിന്നു ചെയ്തുകൊടുത്തിട്ടുണ്ട്. അകത്തോലിക്ക സഹോദരങ്ങളുടെ മാനസാന്തരത്തിനുവേണ്ടി സഭ പലതും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. അയിരൂർ, പുതുപ്പള്ളി മുതലായ യാക്കോബായകേന്ദ്രങ്ങളിലും അകത്തോലിക്കരുടെ മാനസാന്തരത്തെ ഉദ്ദേശിച്ചു സ്ഥാപനങ്ങളാരംഭിച്ചു പ്രവർത്തനങ്ങൾ നടത്തിവരുന്നു. അധഃകൃതസഹോദരങ്ങളുടെ മാനസാന്തരവും സഭയുടെ വേദപ്രചരണപരിപാടിയിൽ ഒരു പ്രധാന ഭാഗംതന്നെ വഹിക്കുന്നുണ്ട്. ഇതിനകം ഗണ്യമായ ഒരു ഹരിജനവ്യൂഹത്തെ കത്തോലിക്കാസഭയിലേക്ക് ആനയിക്കുവാൻ സഭയ്ക്കു സാധിച്ചിട്ടുണ്ട് എന്നു പറയുമ്പോൾ നിശ്ശബ്ദമായി നടത്തിക്കൊണ്ടിരിക്കുന്ന മതപ്രചരണപ്രസ്ഥാനത്തിൻെറ കാര്യക്ഷമത സുവിശദമാകുന്നുണ്ടല്ലോ.

## മിഷ്യൻപ്രവർത്തനം.

സഭയുടെ മതപ്രചരണതീക്ഷ്ണത കേരളത്തിനുള്ളിൽ മാത്രം ഒതുങ്ങിനില്ക്കാതെ, വിദേശമിഷ്യനറിമാരുടെ സംഖ്യ കുറഞ്ഞുതുടങ്ങിയതുമൂലം വിളവു വളരെയെങ്കിലും കൊയിത്തുകാർ വിരളമായിത്തീർന്നിരിക്കുന്ന ഈ ദശാസ

ന്ധിയിൽ, അതു ഭാരതത്തിലെ ഇതര മിഷ്യൻപ്രവിശ്യക ളിലേക്കും വ്യാപിച്ചുതുടങ്ങിയിരിക്കയാണു്. മൈസൂർ, റെയ്ഗാർ-അംബികപ്പൂർ എന്നീസ്ഥലങ്ങളിൽ ഏതാനും സഭാംഗങ്ങൾ മിഷ്യൻജോലി നിർവ്വഹിച്ചുവരുന്നുണ്ടു്. ഇപ്പോൾ വിവിധ മിഷ്യൻകേന്ദ്രങ്ങളിലായി നാല്പതോളം സഭാംഗങ്ങൾ ജോലിചെയ്യുന്നുണ്ടു്. ഈവിധമിഷ്യൻപ്രവർത്തനങ്ങൾ ഭാരതത്തിന്റെ മററുഭാഗങ്ങളിലും നടത്തുന്നതിനുള്ള അഭ്യർത്ഥനകൾ വിവിധരൂപതാദ്ധ്യക്ഷന്മാരിൽനിന്നും സഭയ്ക്കു ലഭിച്ചുകൊണ്ടാണിരിക്കുന്നതു്. ഭാരതത്തിനു പുറത്തേയ്ക്കും സഭയുടെ മിഷ്യൻപ്രവർത്തനം വ്യാപിപ്പിക്കുന്നതിനു വിളവിന്റെ നാഥനായ ദൈവം തിരുമനസ്സാകുന്നെങ്കിൽ അതിനും സഭ സന്നദ്ധയാണു്.

## മലങ്കര സുറിയാനി സഭോദ്ധാരണം.

സഭ പലേതരത്തിലും മലങ്കര സഭാസന്താനങ്ങളുടെ ആദ്ധ്യാത്മികചൈതന്യത്തെ തട്ടിയുണർത്തിയിട്ടുണ്ടെന്നു മാത്രമല്ല, വൈദികസെമ്മിനാരി നടത്തൽ, മലങ്കര സഭാഭരണം, റോക്കോസു, മേലൂസ് ഛിദ്രങ്ങളുടെ ഉച്ചാടനം, സ്വജാതി മെത്രാനുവേണ്ടിയുള്ള പരിശ്രമങ്ങൾ എന്നിത്യാദികാര്യങ്ങളിൽ ഗണ്യമായ പങ്കുവഹിച്ചുകൊണ്ടു്, അവർ ഇനിപ്രാദുർഭവിക്കുവാനിരിക്കുന്ന പുരുഷാന്തരങ്ങൾക്കു ഒരിക്കലും മറക്കാനാവാത്ത വിധം, മലങ്കര സുറിയാനി സഭോദ്ധാരണം നിർവ്വഹിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും സുവിദിതമാണു്.

 14053.

## വൈദിക സെമ്മിനാരികൾ.

കേരള സുറിയാനി സഭാഗാത്രത്തിൻെറ ഹൃദയമായ വൈദികവൃന്ദം സുസ്ഥമായിരുന്നാലെ ആൽമായാവയവങ്ങൾ അരോഗമായിരിക്കയുള്ളൂ എന്നു മനസ്സിലാക്കിയ കർമ്മലസഭ, നമ്മുടെ റീത്തിൽപെട്ട വൈദികരെ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി സ്ഥാപനങ്ങൾ നടത്തുന്നതിൽ ആരംഭംമുതല്ക്കേ വലിയ ശ്രദ്ധ പതിച്ചിരുന്നു. സഭാസ്ഥാപകന്മാർ മൂന്നുപേരും വൈദികസെമ്മിനാരികൾ നടത്തിയിട്ടുള്ള മല്പാന്മാരാണ്. പാലയ്ക്കലച്ചൻെറ പള്ളിപ്പുറത്തു സെമ്മിനാരി കൂടാതെ, മാന്നാനത്തും വേറൊന്നുകൂടി സ്ഥാപിതമായി. ഈ സെമ്മനാരിയുടെ മേൽനോട്ടം വഹിച്ചിരുന്നതു പോരുക്കരെയച്ചനാണു. അദ്ദേഹത്തിൻെറ മരണശേഷം ഇതിൻെറ ഭരണഭാരം ചാവറയച്ചനിലാണു നിക്ഷിപ്തമായതു. സുറിയാനി വൈദികരുടെ നില ഉയത്തുന്നതിനുവേണ്ടി എൽത്തുരുത്തു, വാഴക്കുളം, പുളിങ്കുന്നു, മുട്ടത്താലി എന്നീ ആശ്രമങ്ങളോടനുബന്ധിച്ചും സെമ്മിനാരികൾ ഏർപ്പെടുത്തി, സുറിയാനി വൈദികരുടെ അദ്ധ്യാപനവും പരിശീലനവും വളരെക്കാലം സഭ നടത്തുകയുണ്ടായിട്ടുണ്ട്. ഇന്നത്തെ വല്യച്ചന്മാരിൽ ചിലരെങ്കിലും ഈ കർമ്മലീത്താസെമ്മിനാരികളിൽ പഠനം നടത്തിയിട്ടുള്ളവരാണ്. പുത്തൻപള്ളി സെമ്മിനാരിയുടെ ആവിർഭാവംവരെ, സഭ ഈ ജോലി നിർവ്വഹിച്ചശേഷം ഇന്നു് അതിൻെറ അംഗങ്ങൾക്കായി മാത്രം സെമ്മിനാരികൾ നടത്തിപ്പോരുകയാണ്. സഭവകയായി ഇപ്പോൾ ചെത്തിപ്പുഴയിലും കൂനമ്മാവിലുംഉള്ള ഓരോ വൈദികപഠനഗൃഹങ്ങൾ

കൂടാതെ പൂനായിൽ ഒരു വിദ്യാർത്ഥി മന്ദിരവുമുണ്ട്. 60-ൽ പരം കൊല്ലത്തേക്ക് മംഗലാപുരത്തു് ഉണ്ടായിരുന്ന അസാധാരണ പഠനഗൃഹം 1951-ൽ നിറുത്തൽ ചെയ്തു. അടുത്തുതന്നെ ആരംഭിക്കത്തക്കവിധം ബാംഗളൂറിൽ സഭവകയായി ഒരു പൊതു വൈദികകലാലയം സഭയിൽനിന്ന് ആരംഭിക്കുന്നതിനുള്ള പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കയാണ്. ഇവിടെ അദ്ധ്യാപനം നടത്തുന്നതിനു, തത്വശാസ്ത്രത്തിലും, ദൈവശാസ്ത്രത്തിലും, കാനൻ നിയമത്തിലും, വേദപുസ്തകശാസ്ത്രത്തിലും മററും ഉന്നതബിരുദം സമ്പാദിച്ചിട്ടുള്ള സഭാംഗങ്ങൾ ഇപ്പോൾ പലരുണ്ടെന്നു മാത്രമല്ല, വേറെ ചിലരും ഇതു സംബന്ധിച്ചു് റോമിലുള്ള സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തിക്കൊണ്ടരിക്കുകയുമാണു.

## റോക്കോസ്, മേലൂസ് ഛിദ്മങ്ങൾ.

സുറിയാനിസഭ മുഴുവൻേറയും വികാരിജനറാളെന്ന അധികാരസ്ഥാനം സ്വീകരിക്കുവാൻ നിർബദ്ധനായിതീർന്ന അഭിവന്ദ്യ വലിയ പ്രിയോരച്ചൻ 1861 മുതൽ തൻെറ ഭരണകാലത്തിനിടയ്ക്കു മലങ്കരസഭയിൽ വരുത്തിയ പരിഷ്കാരങ്ങൾ നിരവധിയാണെന്നു് മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ 1861 ചരിത്രപ്രസിദ്ധമാണ്. കാരണം ആ കൊല്ലം മേയ് മാസത്തിലാണ് ഛിദ്മകാരിയായ റോക്കോസ് കേരളത്തിൽ ആഗതനായതു്. സ്വന്തം റീത്തുകാരനായ ഒരു മെത്രാനെ കിട്ടിയെന്ന അഭിമാനത്താൽ വിജൃംഭിതരായി പലേ പള്ളികളും ഈ ഛിദ്മത്തിൽ ഉൾപ്പെട്ടുപോയി. അന്നു മലങ്കരയുടെ

 KPK 14053

വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബെണ്ണാദീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് സ്വജാതി മെത്രാനെ കിട്ടിയാൽ ജനങ്ങൾ സംതൃപ്തരാകുമെന്നു കരുതി നമ്മുടെ കുര്യാക്കോസ് യതിവര്യൻ മെത്രാനായി ഉയർത്തപ്പെട്ടുകാണുവാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ഒടുവിൽ ഇതിനു സമ്മതിക്കാഞ്ഞ ഇദ്ദേഹത്തെ സീറോ-മലബാർ സഭയുടെ വികാരിജനറാളായി നിയമിക്കയാണുണ്ടായതു്. കർമ്മധീരനായ നമ്മുടെ വികാരിജനറാൾ, തൻെറ സഹോദരസന്യാസ വൈദികരുടെ സഹകരണത്തോടുകൂടി ജീവനെപ്പോലും അപകടത്തിലാക്കിക്കൊണ്ടു് നടത്തിയ നിരവധി നിരോധന ശ്രമങ്ങളുടേയും പ്രചരണവേലകളുടേയും ഫലമായി ഉയർന്നുവന്ന ആ വിച്ഛേദകസംരംഭത്തെ നിശേഷം നിർമ്മാർജ്ജനംചെയ്തു. കേരളത്തെ ആകമാനം ഇളക്കിമറിച്ച ഈ ഛിദ്രത്തിന്മേൽ വരിച്ച മഹാവിജയത്തിൽ സംതൃപ്തനായ ഒമ്പതാംപീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് 1861 സെപ്ററംബർ 5-ാംതീയതി സ്വന്തം കൈപ്പടയിൽ ഒപ്പുവെച്ചു ഒരു അനുമോദനസന്ദേശം ഇദ്ദേഹത്തിനു അയച്ചുകൊടുക്കുകയുണ്ടായി എന്നുള്ളതു പ്രത്യേകം വ്യക്തമാണു്. സഭയുടെ അടുത്ത പ്രിയോർജനറാളായിരുന്ന കുര്യാക്കോസ് ഏലീശാ അച്ചൻെറകാലത്തു മേലൂസ് മെത്രാൻെറ നേതൃത്വത്തിലും ഒരു ഛിദ്രം കേരളത്തിൽ പ്രത്യക്ഷപ്പെട്ടു. 1874-ൽ ഇവിടെ പ്രചരിച്ചുതുടങ്ങിയ മേലൂസിൻെറ നശീകരപ്രവർത്തനങ്ങളെ ശിഥിലമാക്കുന്നതിനുവേണ്ടി പരിശുദ്ധസിംഹാസനത്തിലേക്കു ഹർജികൾ അയച്ചും മററും പ്ര

ധാനമായി പ്രവൎത്തിച്ചതു വികാരിജനറാളുംകൂടിയായിരുന്ന ഏലീശാ അച്ചനും തന്റെ സഭയിലെ ഇതര അംഗങ്ങളുമാണു്.

ഇങ്ങനെ പത്തൊമ്പതാം നൂററാണ്ടിലെ മലങ്കര സഭയെ പലേതരത്തിലും ബലിഷ്ഠമാക്കുകയും ഇന്നത്തെ അതിന്റെ അഭ്യുന്നതിയാർഹമായനിലയ്ക്കു അടിസ്ഥാനമിടുകയുംചെയ്ത കേരള കൎമ്മലീത്താസഭ "മലങ്കര സഭോദ്ധാരക" എന്ന അപരാഭിധാനത്തിനു തികച്ചും അൎഹമായിതീൎന്നിട്ടുണ്ടു്.

## സ്വജാതി മെത്രാനുവേണ്ടിയുള്ള ശ്രമം.

മലങ്കരസഭയിലുള്ള പല പള്ളികളേയും ശരിദ്‌മത്തിലേക്കാകർഷിച്ചതു നാട്ടുമെത്രാന്മാരുടെ അഭാവമായിരുന്നുവെന്നു മനസ്സിലാക്കിയതിനാൽ, സുറിയാനിക്കാരെ ഭരിക്കുന്നതിനു് സുറിയാനി മെത്രാന്മാരെ തന്നെ കിട്ടുന്നതിനുവേണ്ടി റോമായിലേക്കു എഴുത്തുകുത്തുകൾ നടത്തിയുംമററും ശ്രമിച്ചവരുടെ ഗണത്തിൽ കേരളകൎമ്മലീത്താ സഭയിലെ ചില പ്രമുഖാംഗങ്ങളും ഉൾപ്പെട്ടിരുന്നുണ്ടു്. വലിയ പ്രിയോരച്ചൻ തന്റെ മരണത്തിനു കുറെ മുൻപു് കൎമ്മലീത്താ ഒന്നാം സഭയുടെ അന്നത്തെ ജനറാളിനു കത്തയച്ചു് സ്ഥിതിഗതികൾ അറിയിച്ചും മററും ഈ ഉദ്ദേശസാദ്ധ്യത്തിനായി വളരെയൊക്കെ പരിശ്രമിച്ചിട്ടുണ്ടു്. നാട്ടുമെത്രാന്മാരെ ലഭിക്കുന്നതിനു വേണ്ടി പ്രവൎത്തനം നടത്തിയതുമൂലം സഭയിൽനിന്നു ഏഴു് സന്യാസവൈദികർ, സഭാധികാരികൂടിയായിരുന്ന വരാ

പ്പുഴ മെത്രാപ്പോലീത്തായാൽ ബഹിഷ്ക്കരിക്കപ്പെട്ടക പോലുമുണ്ടായി. ഈ "ഏഴ വ്യാകുലങ്ങളിൽ" ഒന്നാണ് പിൽക്കാലത്തു് എറണാകുളം രൂപതാദ്ധ്യക്ഷനായി നിയമിക്കപ്പെട്ട റൈററു് റവ. ഡോക്ടർ ലൂയീസ് പഴേപറമ്പിൽ തിരുമനസ്സുകൊണ്ടു്. കർമ്മധീരനായ ഈ ത്യാഗമൂർത്തി സീറോ-മലബാർ ഹയരാക്കിയുടെ ഇന്നത്തെ കേന്ദ്രമായ എറണാകുളം രൂപതയെ എന്മാത്രം ബലിഷ്ഠമാക്കിത്തീർത്തന്നുള്ളതു ചരിത്രപഠിതാക്കൾക്കറിയാവുന്ന കാര്യമാണ്. സുറിയാനിക്കാർക്കുവേണ്ടി ഒരു പ്രത്യേക മെത്രാനെ നൽകുന്നതു സംബന്ധിച്ചു് അന്വേഷിക്കുന്നതിനും മററുമായി 1876-ൽ നിയമിതനായ ലീയോ മവുറീൽ മെത്രാനച്ചനെ ഔദ്യോഗികമായി സ്വീകരിച്ചതും, ജനപ്രതിനിധികളും വൈദികരും ചേർന്നു അദ്ദേഹവുമായി ആലോചനകൾ നടത്തിയതും സഭയുടെ നേതൃത്വത്തിൽ മാതൃഭവനമായ മാന്നാനത്തു തന്നെയാണ്. ഇന്ത്യയുടെ പ്രഥമ ഡലഗാദപ്പസ്തോലിക്കയായിരുന്ന അലിയാർദി തിരുമനസ്സുകൊണ്ടു സുറിയാനിക്കാരുടെ അപേക്ഷാനുസരണം 1885-ാമാണ്ടവസാനത്തിൽ കേരളത്തിൽ വന്ന പ്രത്യേക സന്ദർഭത്തിൽ അദ്ദേഹത്തെ മാന്നാനം ആശ്രമത്തിൽവെച്ചു സ്വീകരിച്ചതും, അദ്ദേഹത്തിനു നേരിട്ടു ഹർജികൾ സമർപ്പിച്ചതും, കർമ്മലസഭാ സന്താനങ്ങളുടെ നേതൃത്വത്തിലാണ്. സുറിയാനിക്കാരെ വരാപ്പുഴ ഭരണത്തിൽനിന്നും വേർതിരിച്ചു, തൃശ്ശൂർ, കോട്ടയം എന്നിങ്ങനെ രണ്ടു വികാരിയാത്തുകൾ സ്ഥാപിതമായതോടെ 1888-ൽ, കോട്ടയം രൂപതാദ്ധ്യക്ഷനായി നിയമിതനായ ലവീഞ്ഞു മെത്രാനച്ചൻ

ആഗതനായപ്പോൾ അദ്ദേഹത്തിന മാന്നാനത്തുവെച്ചു, സുറിയാനിക്കർ നൽകിയ കെങ്കേമമായ സ്വീകരണം ആൎക്കാണു വിസ്മരിക്കുവാൻ സാധിക്കുക? അദ്ദേഹത്തിന്റെ ആദ്യ ആസ്ഥാനവും, മാന്നാനം ആശ്രമം തന്നെ ആയിരുന്നു.

കാലാന്തരത്തിൽ ആവിർഭവിച്ചസീറോ–മലബാർ രൂപതകളുടെ ഭരണവിഷയത്തിൽ മെത്രാന്മാരെ പല വിധത്തിലും സഭസഹായിച്ചിട്ടുണ്ടെന്നും ഇപ്പോഴും സഹായിച്ചുകൊണ്ടാണിരിക്കുന്നതെന്നുമുള്ളതു് ഒരു യാഥാൎത്ഥ്യമാണു്. നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ നിക്ഷേപിച്ചിരിക്കുന്ന കൊടുങ്ങല്ലൂരെ പൊൻറിഫിക്കൽ ഷൈറയിനിന്റെ സംരക്ഷണം തിരുസിംഹാസനം സഭയെ ഏല്പിച്ചിരിക്കുന്നു എന്നുള്ളതും സവിനയം സഭ അനുസ്മരിക്കുന്നുണ്ടു്.

## വിദ്യാഭ്യാസരംഗത്തു്.

രാഷ്ട്രത്തിന്റേയും സമുദായത്തിന്റേയും സാംസ്കാരികമായ അഭിവൃദ്ധിയ്ക്കു നിദാനമായി പ്രവൎത്തിക്കുന്ന ഘടകങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണല്ലൊ വിദ്യാഭ്യാസം. തൻമൂലമാണു നാടിന്റേയും മലങ്കരസഭയുടേയും ഭാവിഭാഗധേയങ്ങളെ കരുപ്പിടിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്ന സഭയിലെ പൂർവ്വപിതാക്കന്മാർ, വിദ്യാദാനരംഗത്തു് പ്രവേശിച്ചു്, വളരുന്ന തലമുറയുടെ സൎവ്വതോന്മുഖമായ ഉൽകൎഷത്തിനുവേണ്ടി പരിശ്രമിച്ചു തുടങ്ങിയതു്. പാലയ്ക്കൽ തോമ്മാ മല്പാനച്ചനും, പോരുക്കര

തോമ്മാമല്പാനച്ചനും മതാത്മകമായ പ്രബോധനം നൽകിയിരുന്നതായി നാം കണ്ടുവല്ലൊ. എന്നാൽ കയ്യാക്കോസ് ഏലിയാസച്ചനാണ് സമുദായത്തിന്റെ വിദ്യാഭ്യാസനിലവാരമുയത്തുവാൻ ഏററം കാര്യക്ഷമമായി പ്രവത്തിച്ചിട്ടുള്ളത്. വിവിധഭാഷാപണ്ഡിതനും, സാഹിത്യപ്രണയിയും, ദീർഘദൃഷ്ടിയുമായിരുന്ന വന്ദ്യപിതാവ്, വിദ്യാഭ്യാസരംഗത്തു നടത്തിയ പ്രയത്നങ്ങളുടെ സൽഫലങ്ങൾ മലങ്കരസഭ ഇന്നു് അനുഭവിക്കുന്നുണ്ട്. അന്നു ഉന്നതവിദ്യാഭ്യാസവിഷയത്തിൽ മലങ്കരസമുദായം കേവലം പിന്നോക്കമായിരുന്നു. എന്നാൽ പ്രോട്ടസ്റ്റൻറുകാരും മററും ഇംഗ്ലീഷുസ്കൂളുകൾ നടത്തിപ്പോന്നിരുന്നു. ഈ സ്കൂളുകളിലാകട്ടെ നാം പ്രവേശിച്ചിരുന്നുമില്ല. ഈ തരുണത്തിൽ, നമുക്കു സ്വന്തം സ്കൂളുകളുണ്ടാകേണ്ടതിന്റെ ആവശ്യകത, കുശാഗ്രബുദ്ധിയായ കയ്യാക്കോസച്ചൻ നല്ലവണ്ണം ഗ്രഹിച്ചതിന്റെ ഫലമായി, തന്റെ സഭയെ ഒരു വിദ്യാഭ്യാസപ്രവത്തനസംഘമായി നിർദ്ദേശിക്കുകയും തത്സംബന്ധമായ നടപടികൾ ആരംഭിക്കുകയും ചെയ്തു. മലങ്കരസഭവകയായി ഒരു കേന്ദ്രകോളെജ് പോലും സ്ഥാപിക്കണമെന്നു ഇദ്ദേഹത്തിനുദ്ദേശമുണ്ടായിരുന്നെങ്കിലും, ചില പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം അതു സാദ്ധ്യമായില്ല എന്നേയുള്ളു.

പത്തൊമ്പതാം നൂററാണ്ടിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസം സാമാന്യം സംസ്കൃതത്തിലായിരുന്നു. അതുകൊണ്ടാണ് ഈ വിദ്യാപ്രവത്തകൻ 1846-ൽ ഒരു സംസ്കൃതവിദ്യാലയം മാന്നാനത്തു സ്ഥാപിച്ചതു്. ഈ ഉന്നതവിദ്യാദാനദൗത്യം, തന്റെസഭ ഇന്നോളം അഭംഗം

വഹിച്ചുപോരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകത പൂർവ്വാധികം വർദ്ധിച്ചതോടെ 1885-ൽ മാന്നാനത്തു ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിതമായി. കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ ഇംഗ്ലീഷ്സ്കൂളാണിതെന്നുള്ളതും പ്രത്യേകം സ്മരണീയമാണ്. അചിരേണ സഭയിലെ ഇതര ആശ്രമങ്ങളോടനുബന്ധിച്ചും, സ്കൂളുകൾ സ്ഥാപിതങ്ങളായി. തിരുസഭാധികാരികൾ മാത്രമല്ല, രാഷ്ട്രീയാധികാരികളും സഭയുടെ വിദ്യാദാനപ്രവർത്തനങ്ങളിൽ വലിയ സംതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ട്. പണ്ഡിതവരേണ്യനായ മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ മാന്നാനം ഹൈസ്കൂളിന്റെ രക്ഷാകർതൃത്വം സ്വീകരിച്ചതും, രാജ്യതന്ത്രജ്ഞനായ കൊച്ചി രാമവർമ്മമഹാരാജാവ് എൽത്തുരുത്തു ഹൈസ്കൂളിന്റെ ശിലാസ്ഥാപനം നടത്തിയതും വിശാലമനസ്കനായ കൊച്ചി കേരളവർമ്മമഹാരാജാവ് തേവര കോളജ് ദിനാഘോഷത്തിൽ ആദ്ധ്യക്ഷം വഹിച്ചതും സഹൃദയനായ തിരു-കൊച്ചി രാജപ്രമുഖൻ ബാലരാമവർമ്മ പ്രസ്തുത കോളേജ് സന്ദർശിച്ചതും മററും ഇതിനു വേണ്ടുവോളം തെളിവു നൽകുന്നതാണ്.

യുവജനങ്ങളുടെ ഭാവിഭാഗധേയങ്ങളെ ഉന്നംവച്ചുകൊണ്ടു സഭ നടത്തിപ്പോരുന്ന വിദ്യാസ്ഥാപനങ്ങൾ പലതാണ്. തിരുഹൃദയ മദ്ധ്യപ്രോവിൻസുവകയായി തേവരയുള്ള കോളേജ് കൂടാതെ, അടുത്ത അദ്ധ്യയനവർഷത്തോടുകൂടി-1956-ൽ വി. യൗസേപ്പിന്റെ ദക്ഷിണപ്രോവിൻസു വകയായി കോഴിക്കോട്ടും, ദേവമാതാവിന്റെ ഉത്തര പ്രോവിൻസു വകയായി ഇരിങ്ങാലക്കു

ടസ്സും ഓരോ കോളേജുകൂടി ആരംഭിക്കുന്നതാണെന്നുള്ള വസ്തുത കേരള കത്തോലിക്കർക്കുമാനം സന്തോഷജനകമായിരിക്കുമല്ലോ. വെറും സാഹിത്യപരമായ വിദ്യാഭ്യാസംകൊണ്ടു തൃപ്തയാകാതെ, ആധുനികാവശ്യങ്ങൾക്കനുസൃതമായി സാങ്കേതികവിദ്യാഭ്യാസവും, യുവലോകത്തിനു സഭ പ്രദാനം ചെയ്തുകൊണ്ടാണിരിക്കുന്നതു്. കുന്നംകുളത്തു നടത്തിപ്പോരുന്ന സിവിൽ എൻജിനീയറിങ്ങ് ഇൻസ്റ്റിട്ട്യൂട്ടും, ആലപ്പുഴ സമാരംഭിച്ചിരിക്കുന്ന ടെക്നിക്കൽ സ്കൂളും, സഭയുടെ യുവജനാദ്ധ്യാപനസന്നദ്ധത എത്രമാത്രം പുരോഗമനോന്മുഖമാണെന്നു വ്യക്തമാക്കുന്നുണ്ടല്ലോ. ഇന്നു സഭയുടെ വിവിധ വിദ്യാസ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തിപ്പോരുന്ന വിദ്യാർത്ഥികൾ 8850–ത്തോളം വരും. കേരളത്തിലെ യുവലോകത്തിനു സഭ നൽകിക്കൊണ്ടിരിക്കുന്ന വ്യക്തിവികാസസേവനത്തെ പലരും പ്രശംസിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ ഡലഗാദപ്പസ്തോലിക്കയായിരുന്ന മോൺസിഞ്ഞോർ സലോസ്കി തിരുമനസ്സിലെ ഔദ്യോഗിക റിപ്പോർട്ടിൻെറ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "നിങ്ങളുടെ സഭയുടെ ആധുനിക പ്രവൃത്തങ്ങളിൽ സർവ്വഥാ പ്രാധാന്യം അർഹിക്കുന്നതു വിദ്യാലയങ്ങളും വിദ്യാമന്ദിരങ്ങളുമാണു്. ഈ വിഷയത്തിൽ നിങ്ങൾക്കുള്ള പ്രവീണത ഇതിനകം നിങ്ങൾ പ്രദർശിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. (1–3–1914).

## സാമൂഹ്യപ്രവൎത്തനങ്ങൾ.

മനുഷ്യൻ മാംസരക്തങ്ങളോടുകൂടിയ ഒരു സാമൂഹ്യജീവിയാണെന്നും, ഏററം ഹീനനായ മനുഷ്യനു ചെ

യ്യുന്ന, തീരെ നിസ്സാരമായ ഉപകാരവും, സർവ്വമാനവ സ്നേഹിയും സാർവ്വത്രികപിതാവുമായ ദൈവത്തിനു തന്നെ ചെയ്യുന്നതായി അവിടുന്നു പരിഗണിക്കുന്നുണ്ടെന്നും വിശ്വസിക്കുന്നവരാണു സുറിയാനി കമ്മേലീത്താ സന്യാസികൾ. സഭയുടെ ആരംഭഘട്ടം മുതല്ക്കേ, സാധുക്കളും കൂലിവേലക്കാരും, അധഃകൃതരും രോഗികളും, അവരുടെ പ്രത്യേക ശ്രദ്ധയ്ക്കും അനുകമ്പയ്ക്കും വിഷയീഭൂതരായിത്തീർന്നിട്ടുണ്ട്. സഭാസ്ഥാപകരിൽ ഒരാളായ കയ്യാക്കോസ് ഏലിയാസച്ചൻെറ ദീനജനവാത്സല്യം സുപ്രസിദ്ധമാണ്. ഈ ഗുണവിശേഷത്തെ സുവിശദമാക്കുന്ന ഒരു സ്ഥാപനമാണ് ഇന്നു കൈനകരിയിൽ നിലകൊള്ളുന്ന അഗതിമന്ദിരം. ഇതിൻെറ നടത്തിപ്പിലേക്കായി ഒരു നല്ലസംഖ്യ സ്ഥാപകൻതന്നെ നീക്കിവച്ചിട്ടുണ്ട്. ഇത്തരം സാമൂഹ്യസേവനസ്ഥാപനങ്ങളെക്കുറിച്ചു കേട്ടുകേൾവിപോലുമില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ സാധുജനസ്നേഹി ഇതാരംഭിച്ചതെന്നു നാമോക്കണം. ഈദൃശസ്ഥാപനങ്ങൾ സഭയിലെ ചില ആശ്രമങ്ങളോടനുബന്ധിച്ച് നടത്തിപ്പോരുന്നുണ്ട്.

മാന്നാനത്തെ സൗജന്യവിഷചികിത്സാലയം, എറണാകുളത്തെ പ്രിയോർ ജനറാൾ മന്ദിരത്തിൻെറ മേൽനോട്ടത്തിലുള്ള ബാലസദനം; പാലായിലെ വൃദ്ധമന്ദിരവും ബാലമന്ദിരവും; കാഞ്ഞിരപ്പള്ളിയിലാരംഭിച്ചിരിക്കുന്ന ആശുപത്രി; മലബാറിൽ തരിയോടിലെ ഡിസ്പെൻസറി; കോഴിക്കോട്ടെ ദരിദ്രഭവനം; കൂനമ്മാവിലെ കുടിൽവ്യവസായപ്രസ്ഥാനം, ആശ്രമങ്ങളിലെ തൊഴിലാളിസംരക്ഷ



ചാവറയച്ചൻ മരംകൊണ്ടു പണിയിപ്പിച്ച
ആദ്യത്തെ പ്രസ്സ്.

ണാർത്ഥമുള്ള പ്രോവിഡൻറുഫണ്ട് എന്നിവ സഭയുടെ സാധുജനതല്പരതയ്ക്കു ഉത്തമോദാഹരണങ്ങളാണ്. മാന്നാനത്തെ വിഷചികിത്സാലയത്തിനുതന്നെ ഇതിനകം മൂവായിരം വിഷബാധിതരെ മൃത്യുവക്ത്രത്തിൽനിന്നു രക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. എറണാകുളത്തെ ബാലസദനം സാധുകുട്ടികൾക്കായി നടത്തുന്നതാണ്. ഭക്ഷണം, വസ്ത്രം, താമസസൗകര്യം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ചികിത്സ ഇങ്ങിനെ ആവശ്യമുള്ളവയെല്ലാം ജാതിമതഭേദമെന്യേ, ഇതിലെ അംഗങ്ങൾക്കു നൽകിവരുന്നു. കൂടാതെ ഒരു സൗജന്യ വായനശാലയും, ഇവിടെയുണ്ട്. പാലായിലെ വൃദ്ധമന്ദിരത്തിൽ വിവിധ ജാതിമതസ്ഥരായ വൃദ്ധജനങ്ങളെ സംരക്ഷിച്ചുപോരുന്നുണ്ട്. അനാഥരായതൊഴിലാളി യുവാക്കൾക്കു വാരാന്ത്യധ്യാനം, ഭക്ഷണം മുതലായ സഹായങ്ങൾ ചെയ്തുവരുന്നു. തരിയോടിലെ ഡിസ്പെൻസറിയിൽ നിന്നു പലക്കും വൈദ്യസഹായം ചെയ്യുന്നുണ്ട്. കോഴിക്കോട്ടെ സാവ്യോഹോമിൻെറ നേതൃത്വത്തിൽ ദരിദ്രയുവാക്കന്മാൎക്ക് വിദ്യാഭ്യാസവിഷയത്തിൽ ധനസഹായംകൂടി ചെയ്തുവരുന്നുണ്ട്. കൂനമ്മാവിലെ കുടിൽ വ്യവസായപ്രസ്ഥാനം മുഖാന്തിരം ഉപജീവനമാൎഗ്ഗവും ഒരു ചെറിയ സമ്പാദ്യവും സാധുക്കൾക്കു ലഭിക്കുന്നുണ്ട്. വീടുകൾ പണിയിച്ചുകൊടുക്കുന്ന പദ്ധതി നടപ്പിൽ വരുത്തിത്തുടങ്ങിയിരിക്കുന്നു. ഏതാദൃശങ്ങളായ ജീവകാരുണ്യപരമായ പ്രവൎത്തനങ്ങൾ സഭയിലെ ഓരോ ആശ്രമത്തിൽനിന്നും ആവുംവിധം നടത്തിപ്പോരുന്നുണ്ട്.

ആലപ്പുഴ കാർമ്മൽ ആശ്രമത്തിൻെറ മേൽനോട്ടത്തിൽ 40-തോളം തൊഴിലാളി കുടുംബങ്ങളെ സംരക്ഷിച്ചുകൊണ്ടുപോകുന്ന രണ്ടു കയർ ഫാക്ടറികൾ വിജയപ്രദമായിനടത്തിപ്പോരുന്നു. മുദ്രാലയങ്ങൾ മുതലായ സഭയുടെ സ്ഥാപനങ്ങൾവഴി, എത്രയെത്ര കുടുംബങ്ങളാണ് സംരക്ഷിക്കപ്പെട്ടുപോരുന്നതെന്നു നിഷ്പക്ഷബുദ്ധികൾക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. പ്രസ്സിൽനിന്നും മററും തൊഴിൽ പഠിച്ച് തനിയെ വിപുലമായ തോതിൽ അതു നടത്തി, തങ്ങളുടെ ജീവിതത്തോതു ഉയർത്തിക്കൊണ്ടിരിക്കുന്ന തൊഴിലാളികളും ഒട്ടും കുറവല്ല. ഏതാദൃശമായ സ്ഥാപനങ്ങൾ വഴിയായും മററും, നിശ്ശബ്ദമായി സഭ ചെയ്തുകൊണ്ടിരിക്കുന്ന സേവനത്തെ മറച്ചുവയ്ക്കുന്നതിനാർക്കും സാദ്ധ്യമല്ലതന്നെ. ജീവനേപ്പോലും അപകടത്തിലാക്കിക്കൊണ്ട് കമ്മ്യൂണിസ്റ്റ് സഖാക്കളുടെ പിടിയിൽനിന്നും പാവപ്പെട്ട തൊഴിലാളികളെ പരിരക്ഷിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ, ആലപ്പുഴ, മുഹമ്മ മുതലായ സ്ഥലങ്ങളിൽ പ്രത്യേകം സഭ നടത്തിക്കൊണ്ടിരിക്കയാണ്. ആധുനികതൊഴിലാളി പ്രശ്നവും സഭയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നു മേൽ പ്രസ്താവിച്ചവയിൽനിന്നു കുറെ ഒക്കെ വിശദമാകുന്നുണ്ടല്ലോ.

## സാഹിത്യസേവനങ്ങൾ.

പ്രസ്ഥാനങ്ങൾക്കും പ്രവൎത്തനങ്ങൾക്കും പ്രചോദനം നല്കുന്നതു, ആശയങ്ങളും ആദൎശങ്ങളുമാണല്ലോ. എന്നാൽ, ഇവ മനുഷ്യമനസ്സിൽ നിന്നു മാഞ്ഞുപോകാതെ സ്ഥിതിചെയ്യണം. അതിനുള്ള ഒരു സുനിശ്ചിത

മാൎഗ്ഗമാണു, സൽഗ്രന്ഥപ്രചരണം. മുദ്രാലയം അതിന് അവശ്യം ആവശ്യകവുമാണ്. ഈ വസ്തുത സമ്യക്കായി മനസ്സിലാക്കിയ വലിയ പ്രിയോരച്ചൻ 1844-മുതല്ക്കെ മാന്നാനത്തു ഒരു മുദ്രാലയം സ്ഥാപിക്കുന്നതിനുള്ള പരിശ്രമം തുടങ്ങി. അതിൻെറ ഫലമായി, ഇന്നത്തെപ്പോലെ, വിദേശത്തുനിന്നു പ്രസ്സുവാങ്ങിക്കുവാനുള്ള ധനശക്തിയൊ, സൗകര്യമൊ ഇല്ലാതിരുന്നകാലത്തു തിരുവനന്തപുരത്തുകണ്ട ഗവണ്മെൻറ് പ്രസ്സിന്റെ ഒരു മാതൃക വാഴപ്പിണ്ടികൊണ്ടുണ്ടാക്കി, ഒരാശാരിയെ കാണിക്കുകയും, അയാളെ കൊണ്ടു ഒരു മരപ്രസ്സ പണിയിക്കുകയും ചെയ്തു. ഈ പ്രസ്സിലാണു, മാന്നാനത്തു അച്ചടി ആരംഭിച്ചതു്. ഇതു ഇപ്പോഴും ചാവറ അച്ചൻെറ ഓൎമ്മയ്ക്കായി ഒരനർഘനിക്ഷേപംപോലെ മാന്നാനം പ്രസ്സിൽ സൂക്ഷിക്കപ്പെടുന്നു. ഇങ്ങിനെയാണു ഇന്നു സുപ്രസിദ്ധമായിതീൎന്നിരിക്കുന്ന മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിൻെറ ആരംഭം. "ജ്ഞാനപീയൂഷം" എന്ന പുസ്തകമാണു ആദ്യം മുദ്രിതമായതു്. ക്രമേണ പലേ ഗ്രന്ഥങ്ങളും ഈ അച്ചടി ശാലയിൽനിന്നു പുറത്തുവന്നുതുടങ്ങി. മാന്നാനം പ്രസ്സിൽനിന്നാണു ആദ്യമായി, മലങ്കര കത്തോലിക്കർ, മലയാള പ്രാർത്ഥനപുസ്തകങ്ങൾ ലഭിച്ചതു്. അതിനു മുൻപു തമിഴ ഗ്രന്ഥങ്ങളാണു അവർ ഉപയോഗിച്ചിരുന്നതു്. ഈ മുദ്രാലയം കൂടാതെ, സഭവകയായി എൽത്തുരുത്തിലും, തേവരയിലും, കോട്ടയത്തും, കോഴിക്കോട്ടും ഓരോ മുദ്രാലയംകൂടിയുണ്ടു്. ഈ മുദ്രാലയങ്ങളിൽ നിന്നെല്ലാം, ചരിത്രപരമായും, സാഹിത്യപരമായും, ശാസ്ത്രീയമായും,

ആത്മികവുമായ എത്രയെത്ര വിശിഷ്ട ഗ്രന്ഥങ്ങളാണു, വിവിധ ഭാഷകളിലായി പുറത്തു വന്നുകൊണ്ടിരിക്കുന്നു വെന്നുള്ളതു കേരളീയക്കു അജ്ഞാതമല്ലല്ലോ.

സാഹിത്യത്തിലും, ആദ്ധ്യാത്മികവും ലൗകികവുമായ ശാസ്ത്രങ്ങളിലും, അസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചു്, ചിന്താപ്രചോദകങ്ങളായ വിശിഷ്ട ഗ്രന്ഥങ്ങൾ എഴുതി, കൈരളിയെ പോഷിപ്പിച്ചു്, ധന്യയാക്കി തീൎത്തിട്ടുള്ള സഭാംഗങ്ങൾ പലരാണു്. ഇരുളിൻെറ ചുരുളിൽ ഒളിഞ്ഞു കിടന്നിരുന്ന മലങ്കരസഭാചരിത്ര വസ്തുതകളെ, വെളിച്ചത്തു കൊണ്ടുവന്ന, പണ്ഡിതനും ഗവേഷണപടുവുമായ ബ. ബെൎണ്ണാൎദ്ദച്ചൻെറ നാമം മലങ്കരയ്ക്കു ഒരിക്കലും മറക്കാനാവാത്തതാണു്. പുതിയ നിയമം മുഴുവനും, പഴയനിയമത്തിൻെറ ആദ്യ പുസ്തകങ്ങളും, മലയാളത്തിലേക്കു വിവൎത്തനം ചെയ്ത ക.നി.മൂ.സ. മാണിക്കത്തനാരുടേയും വിവിധവിശിഷ്ടമതഗ്രന്ഥങ്ങൾ കൈരളിയ്ക്കു നൽകിയ പെ. ബ. പ്ളാസിഡച്ചൻേറയും നാമങ്ങൾ പ്രത്യേകം സ്മരണീയങ്ങളാണു്. ഇതുപോലെ പ്രസ്താവ്യങ്ങളായ കൎമ്മലീത്താസന്ന്യാസനാമങ്ങൾ പലതുണ്ടെങ്കിലും വിസ്താരഭയത്താൽ തല്ക്കാലം വിട്ടുകളയുകയാണു്. മാന്നാനത്തുനിന്നും "നസ്രാണിദിപിക"യായി 1887–ൽ ആരംഭിച്ചതും ഇപ്പോൾ കോട്ടയത്തുനിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നതും, കേരളത്തിലെ ആദ്യ ദിനപത്രവുമായ 'ദീപിക' സഭയ്ക്കും, സമുദായത്തിനും നാടിനും, നാട്ടാൎക്കും ചെയ്തിട്ടുള്ള സേവനങ്ങളെക്കുറിച്ചു അറിയാൻപാടില്ലാത്തവർ കേരളത്തിലാരാണുള്ളതു്? ഒരു പ്രതിദിനപത്രം നടത്തുന്ന വേറേ ഏതെങ്കിലും സ

ന്യാസസഭ, കത്തോലിക്കാ ലോകത്തിലുള്ളതായി അറിവില്ല. മതവിരോധികളുടേയും വൎഗ്ഗീയവാദികളുടേയും അവഹേളനങ്ങളെ അവഗണിച്ചുകൊണ്ടും മററു ദിനപത്രങ്ങളുടെ കിടമത്സരത്തെ അതിജീവിച്ചുകൊണ്ടും, ഭീമമായ തുക ചെലവുചെയ്തു സ്ഥാപിച്ചിരിക്കുന്ന റോട്ടറി പ്രസ്സിൽനിന്നും മുടങ്ങാതെ പുറത്തുവിട്ടുകൊണ്ടിരിക്കുന്ന ഈ പത്രംമൂലം, സഭയ്ക്കു വഹിക്കേണ്ടതായിവന്നിരിക്കുന്ന ദുൎവ്വഹമായ ഭാരത്തെക്കുറിച്ചും കത്തോലിക്കാ കേരളം അവഗാഢം ഒന്നു ചിന്തിച്ചിരുന്നെങ്കിൽ!!! ഈ പ്രതിദിന പത്രംകൂടാതെ, "കൎമ്മേലകുസുമം," "കുഡുംബദീപം" എന്ന മാസികകളും കത്തോലിക്കാ കുഡുംബങ്ങൾക്ക്, ആദ്ധ്യാത്മിക ജീവൻ പ്രദാനംചെയ്തുകൊണ്ടു, കേരളത്തിലും, കേരളത്തിനുപുറത്തും, പതിനായിരക്കണക്കിനു പ്രചരിച്ചുകൊണ്ടിരിക്കയാണ്. ഇങ്ങനെ, മാപ്പാപ്പാമാർ ശക്തിയായി ശുപാൎശ്ചെയ്തിട്ടുള്ളതും, മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ളതുമായ, മുദ്രാലയപ്രേഷിതത്വം, സഭ തീക്ഷ്ണമായും കാൎയ്യക്ഷമമായും തുടൎന്നുകൊണ്ടുപോകുകയാണ്.

## കൂപ്പുകൈ.

1831-ൽ ഒരു മരക്കുരിശും പരമ്പുകൊണ്ടുള്ള പ്രാൎത്ഥനപ്പുരയുമായി ആരംഭിക്കുകയും 1855-ൽ പതിനൊന്നു വന്ദ്യവൈദികരുടെ വ്രതവാഗ്ദാനത്തോടെ, കാനോനികമായി സ്ഥാപിതമാകയും ചെയ്ത കേരളസുറിയാനി കൎമ്മെലീത്താസഭ, ആരംഭഘട്ടം മുതൽക്കേ നേരിട്ടിരുന്ന പ്രതിബന്ധങ്ങളെയെല്ലാം അതിജീവിച്ച്, പടൎന്ന്, വളൎന്ന്, ഈ ശതാബ്ദജൂബിലിമഹം ആഘോഷിക്കുവാൻ ഭാ

ഗ്യം സിദ്ധിച്ചിരിക്കുന്നതിൽ, സഭയോടൊപ്പം ക്രൈസ്തവ കേരളം മുഴുവൻ കൃതജ്ഞതാനിർഭരമായ കൂപ്പുകൈ, പരകാരുണികനായ ദൈവത്തിങ്കലേക്കു ഉയർത്തേണ്ടതാണ്. ഇന്നോളം ഈ സഭയെ പരിരക്ഷിച്ചുകൊണ്ടുപോന്നിട്ടുള്ള അമലോൽഭവകർമ്മല കന്യകാംബികയ്ക്കും, നമ്മുടെ പിതാവായ വി. യൗസേപ്പിനും, അകൈതവമായ കൃതജ്ഞതയെ സവിനയം സഭ പ്രകടിപ്പിക്കുന്നു. സഭയുടെ ഇതഃപര്യന്തമുള്ള വികസനത്തിനു അവസരോചിതം സഹായിക്കയും പൈതൃകമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള പരിശുദ്ധ മാർപ്പാപ്പാമാരേയും, തിരുസിംഹാസന പ്രതിനിധികളേയും, വിദേശീയരും ഏതദ്ദേശീയരുമായ വിവിധ രൂപതാദ്ധ്യക്ഷന്മാരെയും, വൈദികവരേണ്യരേയും നന്ദിപൂർവ്വം സഭ ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കുന്നു. ഈ ജൂബിലിമഹോത്സവാവസരത്തിൽ, 450-ഓളം വാക്കുകളടങ്ങിയ സുദീർഘവും സ്വഹസ്തലിഖിതവുമായ ആശിസ്സു സന്ദേശം അയച്ച് ഈ മഹാമഹത്തിൽ സംബന്ധിക്കുന്നവക്കു പൂർണ്ണദണ്ഡവിമോചനം കല്പിച്ചുതരികയും ചെയ്തുകൊണ്ട് സഭയുടെനേക്കുള്ള പിതൃനിർവിശേഷമായ സ്നേഹം പ്രകടിപ്പിക്കുവാൻ കനിവുണ്ടായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെനേക്കുള്ള പുത്രനിർവിശേഷമായ പ്രതിനന്ദി സപ്രശ്രയം സഭാംഗങ്ങൾ പ്രകടിപ്പിച്ചുകൊള്ളുന്നു. മാതൃഭവനത്തേയും സഭയിലെ ഇതര ആശ്രമങ്ങളേയും സ്ഥാപനങ്ങളേയും, സ്ഥലവും ധനവും ദാനംചെയ്തും മററുപലവിധത്തിലും സഹായിച്ചിട്ടുള്ള എല്ലാ വൈദികരോടും അത്മായസഹോദരങ്ങളോടും പള്ളിയോഗങ്ങളോടുമുള്ള സഭയുടെ കടപ്പാട് സീമാതീതമാണ്.

# ഉപസംഹാരം.

ഇന്നത്തെ കത്തോലിക്കാകേരളം പലതരത്തിലും പുരോഗമിച്ചുകൊണ്ടിരിക്കയാണു്. അതിൽ സകാരണം നമുക്കു് അഭിമാനിക്കാം. എന്നാൽ പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ നമുക്കു കാണുവാൻ സാധിക്കും, കേരളസഭയുടേയും സമുദായത്തിൻേറയും സമുന്നതമായ ആധുനികനിലയ്ക്കു് അടിസ്ഥാനമിട്ടതു കേരളസുറിയാനികർമ്മലീത്താസഭയുടെ വീരസന്താനങ്ങളാണെന്നു് സുപ്രസിദ്ധ ആംഗ്ലേയ സാഹിത്യകാരനായ ഹില്ലയർ ബെല്ലക്കിൻെറ വാക്കുകളാണു് ഇപ്പോൾ ഓർമ്മയിൽ വരുന്നതു്. തിരുസഭയോടു് അവിഭാജ്യമാംവിധം സംബന്ധമായിരുന്ന മദ്ധ്യശതകത്തിലെ യൂറോപ്പിൻെറ ചരിത്രം സംഗ്രഹിച്ചുകൊണ്ടു് അദ്ദേഹം പറയുകയാണു് "Europe was the Church and the Church was Europe." അതുപോലെതന്നെ പത്തൊൻപതാംനൂററാണ്ടിലെ മലങ്കരസഭയെക്കുറിച്ചും "മലങ്കരസഭ കർമ്മലസഭയും, കർമ്മലസഭ മലങ്കരസഭയുമായിരുന്നു" എന്നു് ഒരു വിധത്തിൽ പറയാവുന്നതാണു്. കാരണം മലങ്കരസഭയുടേയും സമുദായത്തിൻേറയും സർവ്വതോൻമുഖമായ നന്മയ്ക്കും മേന്മയ്ക്കുംവേണ്ടി പ്രയത്നിക്കുകയും അവയുടെ ശക്തി കേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്തിരുന്നതു് ഈ സന്യാസസഭാമാതാവാണു്. പത്തൊൻപതാം നൂററാണ്ടിനുശേഷവും ഈദൃശസേവനങ്ങൾ സഭ നിർവ്വിഘ്നം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതും സുവിദിതമാണല്ലോ.

പ്രിയപ്പെട്ട നാട്ടുകാരെ, കേരള കമ്മെലീത്താ സഭാംഗങ്ങൾ നിങ്ങളുടെ സഹോദരങ്ങളും സന്താനങ്ങളുമാണ്. പ്രസ്തുത സഭ നാട്ടിനും സമുദായത്തിനും വേണ്ടിയാണ് നിലകൊള്ളുന്നത്. ഇതിൻെറ ജയാപജയങ്ങൾ, സമുദായത്തിൻെറ തന്നെ ജയാപജയങ്ങൾ ആണ്. സഭയോടു സമുദായം പലേതരത്തിലും അടുത്തു പ്രവത്തിച്ചുകൊണ്ടാണിരിക്കുന്നത്. സഭയോടുള്ള ഈ ഇടപാടുകളിൽ നാട്ടുകാക്ക് അനുഭവവേദ്യമായേക്കാവുന്ന സഭാംഗങ്ങളുടെ വ്യക്തിഗതങ്ങളായ വൈകല്യങ്ങൾ സഭയുടെ നേക്ക് അവക്കുണ്ടായിരിക്കേണ്ട സ്നേഹത്തിനും സഹകരണബോധത്തിനും പ്രതിബന്ധമായി തീരാതിരിക്കട്ടെ. സഭയുടെ ഭാവിഭാവുകങ്ങൾ സമുദായത്തേയുമാണ് ആശ്രയിച്ചിരിക്കുന്നതെന്നു സമുദായം അനുസ്മരിക്കണം. സഭ വളരണമെന്നും അതിൻെറ പ്രവത്തനരംഗം വിപുലീകൃതമാകണമെന്നും അഭിലഷിക്കുന്നവർ ദൈവാഹ്വാനം ലഭിക്കുന്ന തങ്ങളുടെ അരുമ സന്താനങ്ങളെ സഭയ്ക്കു പ്രദാനംചെയ്തുകൊണ്ടാണ് അതു സാധിതമാക്കേണ്ടതു്. ഈ ജൂബിലിമഹാമഹസ്മരണ നമ്മുടെ മനോഹൃദയങ്ങളിൽ നിന്ന് ഒരിക്കലും മാഞ്ഞുപോകാതിരിക്കട്ടെ.

# അനുബന്ധം.

## സഭാസ്ഥാപകന്മാർ.

1. പെ.ബ. പാലയ്ക്കൽ തോമ്മാമല്പാനച്ചൻ
2. ,, ,, പോരൂക്കര തോമ്മാ മല്പാനച്ചൻ
3. ,, ,, ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ

---

സഭയെ കാനോനികമായി സ്ഥാപിച്ച പെ.ബ.
കുറിയാക്കോസ് ഏലിയാസച്ചനോട് വ്രതവാ
ദാനം നടത്തിയ പത്തു പിതാക്കന്മാർ.

1. പുളിങ്കുന്ന് തോപ്പിൽ ഗീവറുഗീസച്ചൻ
2. ചമ്പക്കുളം പോരുക്കര കുര്യാക്കോസച്ചൻ
3. അതിരമ്പുഴ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ
4. ആലം പുത്തൻപള്ളി മുഞ്ഞനാട്ടു മത്തായിഅച്ചൻ
5. പാലാ കളപ്പുരയ്ക്കൽ മത്തായിഅച്ചൻ
6. കൈനകരി വല്യാറ ചാക്കോച്ചൻ
7. ആലം പുത്തൻപള്ളി കണിയാരകത്തു മാണിയച്ചൻ
8. പള്ളിപ്പുറത്തു പാലയ്ക്കൽ കുര്യച്ചൻ
9. പാലാ കട്ടക്കയത്തു് ചാണ്ടിയച്ചൻ
10. പുളിങ്കുന്ന് കളത്തിൽ സ്കറിയാച്ചൻ

---

## സഭയുടെ കാനോനിക സ്ഥാപനംമുതൽ സഭയെ ഭരിച്ചിട്ടുള്ള പൊതുശ്രേഷ്ഠന്മാർ.

| | | |
|---|---|---|
| 1. | * പെ. ബ. കുറിയാക്കോസ് ഏലിയാസച്ചൻ | 1855—1871 |
| 2. | * പെ. ബ. കുറിയാക്കോസ് ഏലിശാഅച്ചൻ | 1871—1885 |
| 3. | അഭിവന്ദ്യ ദലഗാദപ്പസ്തോലിക്ക ആൻഡ്രൂ അയ്യൂത്തി തിരുമനസ്സുകൊണ്ട് | 1886—1891 |
| 4. | അത്യുന്നത കർദിനാൾ സിമെയോനി തിരുമനസ്സുകൊണ്ട് | 1891—1892 |
| 5. | വെ. റവ. ഫാ. ബെർണ്ണാദ് ഒ.സി.ഡി. | 1892—1902 |
| 6. | പെ. ബ. വലിയ ചാണ്ടിയച്ചൻ | 1902—1908 |
| 7. | ,, ,, ബസീലിയോസച്ചൻ | 1908—1914 |
| 8. | ,, ,, കൊച്ചുചാണ്ടിയച്ചൻ | 1914—1917 |
| | (രണ്ടാം പ്രാവശ്യം) | 1920—1923 |
| 9. | ,, ,, ഗബ്രിയേലച്ചൻ | 1917—1920 |

* സഭയുടെ കാനോനികസ്ഥാപനംമുതൽ സഭയെ ഭരിച്ച ആദ്യത്തെ രണ്ടു പൊതുശ്രേഷ്ഠന്മാരുടെ സ്ഥാനപ്പേര് "പ്രിയോർ" എന്നും സ്ഥലശ്രേഷ്ഠന്മാരുടേതു് "വികാരി" എന്നുമായിരുന്നു. പിന്നീടാണ് സഭയുടെ പൊതുശ്രേഷ്ഠന് "പ്രിയോർ ജനറാൾ" എന്ന പേര് നടപ്പിൽവന്നതു്.

10. ,, ,, ളൂയീസച്ചൻ 1923—1926
11. ,, ,, യോഹന്നാൻ
ബക്മാൻസച്ചൻ 1926—1932
(രണ്ടാംപ്രാവശ്യം) 1942—1947
12. ,, ,, സിൽവെസ്ത്രോസച്ചൻ 1932—1936
13. ,, ,, ബർത്തുൽമൈഅച്ചൻ 1936—1942
14. ,, ,, സിൽവെസ്ത്രോസച്ചൻ
(വികാരി ജനറാൾ) 1942—മാർച്ച്—ഡിസംബർ
15. പെ ബ. വിൻസെൻറ് അച്ചൻ 1947—1953
16. ,, ,, മാവുരൂസച്ചൻ 1953—

## കേരളസുറിയാനി കർമ്മലീത്താ സഭയിലെ വിവിധസ്ഥാപനങ്ങളുടേയും മററും വിവരങ്ങൾ.

### I വി. യൗസേപ്പിതാവിൻെറ പൊതുശ്രേഷ്ഠഭവനം.

പെ. ബ. മാവുരൂസച്ചൻ, പ്രിയോർ ജനറാൾ
,, ,, ഗെരയോനച്ചൻ, 1--ാം ദഫ്നിത്തോർജനറാൾ
,, ,, അത്തനാസീയൂസച്ചൻ 2--ാം ,,
,, ,, കൊർണേലിയൂസച്ചൻ 3--ാം ,,
,, ,, ദൊരെത്തേവൂസച്ചൻ 4--ാം ,,
,, ,, മൗറിലിയൂസച്ചൻ; പ്രൊക്കുറേററർ ജനറാൾ.

### II വി. യൗസേപ്പിതാവിൻെറ പ്രവിശ്യ.

പെ. ബ. ദാനിയേലച്ചൻ, പ്രൊവിൻഷ്യാൾ
,, ,, റൊമേഓസച്ചൻ } പ്രൊവി. ആലോചനക്കാർ.
,, ,, വില്യമച്ചൻ }
ബ. ശാബോറച്ചൻ പ്രൊ. പ്രൊക്കുറേററർ & സെക്രട്ടറി

## III തിരുഹൃദയ പ്രവിശ്യ.

പെ. ബ. ജോൺബക്ക്മാൻസച്ചൻ, പ്രൊവിൻഷ്യാൾ
,, അർസേനിയൂസച്ചൻ } പ്രൊവി. ആലോചനക്കാർ
,, അബ്യൂന്തിയൂസച്ചൻ }
ബ. ഫ്റാൻസീസ് സാലസച്ചൻ പ്രൊ. പ്രൊക്കുറേറ്റർ
ബ കാന്തിദോസച്ചൻ സെക്രട്ടറി

## IV ദേവമാതാപ്രവിശ്യ.

പെ. ബ. ക്ലെമെൻസച്ചൻ, പ്രൊവിൻഷ്യാൾ
,, ,, ജെരാർദച്ചൻ } പ്രൊവി. ആലോചനക്കാർ
,, ,, ദീസ്മാസച്ചൻ }
ബ. ആമോസച്ചൻ പ്രൊവി. പ്രൊക്കുറേറ്റർ
ബ. അബീലിയൂസച്ചൻ, സെക്രട്ടറി

### അസാധാരണ പഠനഗൃഹം

കാർമ്മെൽ ഹൗസ്, പൂന.
ശ്രേഷ്ഠൻ ബ. അനനിയാസച്ചൻ.

# യൗസേപ്പ് പിതാവിൻെറ പ്രവിശ്യയിലുള്ള സ്ഥാപനങ്ങൾ.

### ആശ്രമങ്ങൾ.

1. വി. യൗസേപ്പ്പിതാവിൻെറ ആശ്രമം, മാന്നാനം.
   പ്രിയോർ പെ. ബ. ബ്ളാസിയൂസച്ചൻ.
2. വി. സെബസ്ത്യാനോസിൻെറ ആശ്രമം, പുളിങ്കുന്ന്
   പ്രിയോർ, പെ. ബ. റെമീജിയൂസച്ചൻ.

3. വി. യോഹന്നാൻ ക്രൂസിൻെറ ആശ്രമം, മുത്തോലി
പ്രിയോർ, പെ. ബ. ക്ലെയോഫാസച്ചൻ.
4. ഈ. തിരുഹൃദയാശ്രമം, ചെത്തിപ്പുഴ.
പ്രിയോർ, പെ. ബ. ആഞ്ചലൂസച്ചൻ.
5. വി. അന്നാ അമ്മയുടെ ആശ്രമം, കുന്നാട്ട്.
പ്രിയോർ, പെ. ബ. ജയിംസച്ചൻ.
6. പരി. വ്യാകുലമാതാവിൻെറ ആശ്രമം, ചമ്പക്കുളം.
പ്രിയോർ, പെ. ബ. നോർബർട്ടച്ചൻ.
7. വി. കൊച്ചുത്രേസ്യായുടെ ആശ്രമം, പൂഞ്ഞാർ.
പ്രിയോർ, പെ. ബ. ഹെർബർട്ടച്ചൻ.
8. അമലോത്ഭവ മാതാവിൻെറ ആശ്രമം, മുട്ടാർ.
വികാരി, ബ. റുഡോൾഫച്ചൻ.
9. വി. യാക്കോബ് ശ്ലീഹായുടെ ആശ്രമം, മണിമല.
വികാരി, ബ. തെയോഫിലസച്ചൻ.
10. വി. വിൻസെൻറു ഡി പോൾ ആശ്രമം, പാലാ.
വികാരി, ബ. അന്ത്രയോസച്ചൻ.
11. ലൂർദ്ദ് മാതാവിൻ ആശ്രമം, അയിരൂർ.
വികാരി, ബ. എവുസേബിയൂസച്ചൻ.

## ഉപസ്ഥാപനങ്ങൾ.

1. വി. അന്തോനിയൂസിൻെറ ഭവനം, പുതുപ്പള്ളി
2. വി. ഫ്രാൻസിസ്സാലേസിൻെറ ഭവനം. കോട്ടയം
3. ക്രൈസ്റ്റ് ഹാൾ, തിരുവനന്തപുരം
4. കാർമ്മൽ ഹൗസ്, കോഴിക്കോട്ട്
5. വി. ഫ്രാൻസീസ് സേവ്യറിൻെറ ഭവനം,
ആലപ്പുഴ

6. വി. സെബസ്ത്യാനോസിൻെറ ഭവനം, വാകക്കാട്ട്
7. വി. പത്താംപീയൂസിൻെറ ഭവനം, അമനകര
8. സ്വർഗ്ഗരാജ്ഞിയുടെ ഭവനം, കാഞ്ഞിരപ്പള്ളി
9. വി. ഏലിയാ നിവ്യായുടെ ഭവനം, കൈനകരി

## മിഷ്യൻ സ്ഥലങ്ങൾ.

### ചങ്ങനാശ്ശേരി രൂപത.

1. വി. സെബസ്ത്യാനോസിൻെറ പള്ളി, മേലോരം
2. അമലോത്ഭവ മാതാവിൻെറ പള്ളി, കണ്ണമ്പള്ളി

### വിജയപുരം രൂപത

1. ലത്തീൻ പള്ളി, മടത്തുംഭാഗം
2. ലത്തീൻ പള്ളി, കാഞ്ഞിരപ്പാറ

### ആലപ്പുഴ രൂപത.

കലവൂർ പള്ളി, കലവൂർ

### തിരുവനന്തപുരം അതിരൂപത

1. ചെറുപുഷ്പ മിഷ്യൻ ഹൗസ്, ബാലരാമപുരം
2. അസ്സീസ്സിഭവനം, നെല്ലിക്കാക്കുഴി
3. വി. ഗീവർഗ്ഗീസിൻെറ മിഷ്യൻ ഭവനം, കിരാത്തൂർ
4. മരിയഗിരി മിഷ്യൻ ഭവനം, കളേക്കവിള

### തലശ്ശേരി രൂപത.

A. കോഴിക്കോട്ട് ഡിവിഷൻ.

1. ഈശോയുടെ തിരുഹൃദയപള്ളി, തിരുവാമ്പാടി
2. പുല്ലൂരാൻ പാറപ്പള്ളി, തിരുവാമ്പാടി

3. പരി. കന്യക മറിയത്തിൻെറ പള്ളി, തരിയോട്ട്
4. തിരുക്കുടുംബപള്ളി, വേനപ്പാറ
5. മറിയ വിമലഹൃദയപള്ളി, കണ്ണോത്തു്
6. വി. സെബസ്ത്യാനോസിൻെറ പള്ളി, കൂടലഞ്ഞി
7. പരി. കന്യ. മറിയത്തിൻെറ പള്ളി, കോടഞ്ചേരി
8. അമ. മാതാവിൻെറപള്ളി, സുൽത്താൻ ബത്തേരി
9. വി. കുരിശിൻെറ പള്ളി, നടവയൽ

B. തലശ്ശേരി ഡിവിഷൻ.

1. ലൂർദ് മാതാവിൻെറ പള്ളി, മരുതോംകര
2. വി. തോമ്മാശ്ലീഹായുടെപള്ളി, കുരച്ചുണ്ട്
3. തിരുക്കുടുംബത്തിൻെറപള്ളി, പടത്തുകടവ്
4. കല്ലോടിപള്ളി, മാനന്തോടി
5. പരി. മറിയത്തിൻെറപള്ളി, കല്ലനോട്ട്

തിരുവനന്തപുരം രൂപത.

1. വി. ഗീവർഗ്ഗീസിൻെറ പള്ളി, അമ്പൂരി

## തിരുഹൃദയ പ്രവിശ്യയിലുള്ള സ്ഥാപനങ്ങൾ.

### ആശ്രമങ്ങൾ.

1. പരി. കർമ്മലമാതാവിൻെറ ആശ്രമം, വാഴക്കുളം
പ്രിയോർ പെ. ബ. ചിപ്രിയാനോസച്ചൻ
2. വി. കൊച്ചുത്രേസ്യായുടെ ആശ്രമം, പള്ളിപ്പുറം
പ്രിയോർ പെ. ബ. ദൊമ്മിനീക്കോസച്ചൻ

3. ഈശോയുടെ തിരുഹൃദയാശ്രമം, തേവര
പ്രിയോർ പെ. ബ. ജോസഫാത്തച്ചൻ
4. വി. യൗസേപ്പിന്റെ ആശ്രമം, ക്രനമ്മാവ്
പ്രിയോർ, പെ, ബ. ഏശയാച്ചൻ
5. വി. അന്തോനീസിന്റെ ആശ്രമം, ആലുവാ
പ്രിയോർ, പെ. ബ. എഡ്മണ്ടച്ചൻ
6. ക്രിസ്തുരാജാശ്രമം, കറുകുററി
പ്രിയോർ, പെ. ബ ക്രിസാന്തുസച്ചൻ

## ഉപസ്ഥാപനങ്ങൾ.

1. ചെറുപുഷ്പ മന്ദിരം കാളിയാർ
2. അസ്സംപ്ഷൻ കാർമ്മെൽ ഹൗസ്, നീലീശ്വരം
3. കാർമ്മെൽ ഭവനം, കൊരണ്ടക്കാട്ട്
4. തിരുകുടുംബഭവനം, മുഹമ്മ
5. വ്യാകുലമാതാവിന്റെ ഭവനം, കൂത്താട്ടുകുളം.

## മിഷ്യൻ സ്ഥലങ്ങൾ.

എറണാകുളം അതിരൂപത.

ചെറുപുഷ്പ മിഷ്യൻ ഹൗസ്, വട്ടയാർ.

## ചങ്ങനാശേരി രൂപത.

ഫാത്തിമാ ചാപ്പൽ, മ്ളാമല എസ്റ്റേററ്, വണ്ടിപ്പെരിയാർ.

## തിരുവല്ലാ രൂപത.

വി. യൗ. മിഷ്യൻഭവനം, പൂത്രക്കാ

# ദേവമാതാപ്രവിശ്യയിലുള്ള സ്ഥാപനങ്ങൾ.

## ആശ്രമങ്ങൾ

1. ശുദ്ധീകരമാതാവിൻെറ ആശ്രമം, എൽത്തുരുത്ത്
   പ്രിയോർ, പെ. ബ. ജോഷപാച്ചൻ.
2. വി. ത്രേസ്യായുടെ ആശ്രമം, അമ്പഴക്കാട്ട്.
   പ്രിയോർ, പെ. ബ. മലാക്കിയാസച്ചൻ.
3. വി. തോമ്മാ ശ്ലീഹായുടെ ആശ്രമം, പാവർട്ടി
   പ്രിയോർ, പെ. ബ. ഫ്ളാവിയാനച്ചൻ.
4. വി. പൗലോസിൻെറ ആശ്രമം, കടലുണ്ടി.
   പ്രിയോർ, പെ. ബ. ലെയോൺസീയൂസച്ചൻ
5. ഉണ്ണിഈശോയുടെ ആശ്രമം, തലോർ.
   വികാരി, ബ. ബനീസിയച്ചൻ.
6. വി. ഗീവറുഗീസിൻെറ ആശ്രമം, കുന്നംകുളം.
   വികാരി. ബ ക്ലാവുദിയോസച്ചൻ.
7. പ. ക. മറിയ വിമലഹൃദയത്തിൻ ആശ്രമം, വരന്തിരപ്പള്ളി.
   വികാരി, ബ. ഉർബാനച്ചൻ.

## ഉപസ്ഥാപനങ്ങൾ

1. മാർതോമ്മാ പൊന്തിഫിക്കൽ ഷെ്റൻ.
2. വി. ശവരിയാർ കാർമെൽ ഭവനം, പുല്ലൂർ.

## മിഷ്യൻ സ്ഥലങ്ങൾ.

തലശ്ശേരി രൂപത

1. മണിമൂളിപള്ളി, എടകര.
2. നെന്മേനി പള്ളി, പന്തല്ലൂർ.
3. പരിയാപുരം ഫാത്തിമാ ചാപ്പൽ, അങ്ങാടിപുരം.

# സഭയുടെ പൊതുസ്ഥിതിവിവരങ്ങൾ

| | |
|---|---|
| പ്രോവിൻസുകൾ | 3 |
| കൊവേന്തകൾ | 25 |
| ഉപസ്ഥാപനങ്ങൾ | 16 |
| പഠനഗൃഹങ്ങൾ | 3 |
| നൊവിഷ്യേററു ഭവനങ്ങൾ | 3 |
| യോഗാത്ഥിഭവനങ്ങൾ | 6 |
| ഇടവകകളും മിഷ്യൻകേന്ദ്രങ്ങളും | 30 |
| ഉപമിഷ്യൻകേന്ദ്രങ്ങൾ | 24 |

## അംഗങ്ങൾ

| | |
|---|---|
| വൈദികർ | 317 |
| വൈദികവിദ്യാത്ഥികൾ | 108 |
| നവസന്യാസികൾ 70(ഇവരുടെ നൊവിഷ്യേററ് 1956 മെയ് 16-ാംനു- ആരംഭിക്കും) | |
| സഹായസഹോദരന്മാർ | 82 |
| ,, നവസന്യാസികൾ | 6 |
| യോഗാത്ഥികൾ | 242 |
| മിഷ്യനറിമാർ | 40 |

## വിദ്യാഭ്യാസസ്ഥാപനങ്ങൾ

യൂനിവേർസിററികോളജ് 1 + (2) (രണ്ടെണ്ണം കൂടി അടുത്ത അദ്ധ്യയനവഷത്തോടെ ആരംഭിക്കുന്നതാണ്)

| | |
|---|---|
| ഹൈസ്ക്കൂൾ | 8 |
| മിഡിൽസ്ക്കൂൾ | 4 |
| പ്രൈമറിസ്ക്കൂൾ | 8 |
| സിവിൽ എൻജിനീയറിംഗ് ഇൻസ്റ്റിട്യൂട്ട് | 1 |
| ട്രേയിനിംഗ്സ്ക്കൂൾ | 1 |
| ടെക്നിക്കൽ സ്ക്കൂൾ | 1 |
| ഹോസ്റ്റലുകൾ, ബോർഡിംഗ്മന്ദിരങ്ങൾ | 14 |
| അദ്ധ്യാപകന്മാർ | 316 |
| വിദ്യാത്ഥികൾ | 8850 |
| ഹോസ്റ്റൽ ബോഡിംഗ് വിദ്യാത്ഥികൾ | 723 |

## ഇതരസ്ഥാപനങ്ങൾ

| | |
|---|---|
| അച്ചടിശാലകൾ | 5 |
| വേദപാഠശാലകൾ | 20 |

## പ്രസിദ്ധീകരണങ്ങൾ

| | |
|---|---|
| ദിനപത്രം | 1 |
| മാസികകൾ | 2 |

## സഭയിൽ മരിച്ചവർ

| | |
|---|---|
| വൈദികർ | 131 |
| വൈദികവിദ്യാർത്ഥികൾ | 7 |
| നവസന്യാസികൾ | 16 |
| സഹായസഹോദരന്മാർ | 29 |
| ,, നവസന്യാസികൾ | 4 |
| യോഗാർത്ഥികൾ | 4 |

L. D. V. M.

R: 14053

REFERENCE